Vol. 20. No. 2.

# കർമ്മലകുസുമം.

# The Flower of Carmel



പ്രതിമാസപത്രിക.

February 1922.

# വിഷയ വിവരണിക


| | | പേജ്. |
|---|---|---|
| 1 | മംഗളം. | 25 |
| | ശ്രീമാൻ കട്ടക്കയത്തിൽ ചെറിയാൻമാപ്പിള. | |
| 2 | മാർപ്പാപ്പാ തിരുമനസ്സിലെ ദേഹവിയോഗം. | 29 |
| 3 | വി. ശെമഓന്റെ ദീർഘദർശനം. | 30 |
| | റവ. ഫാദർ അലോഷ്യസ് സി. ഡി. | |
| 4 | മാർപ്പാപ്പാമാരും യാക്കോബായസഭയും. | 31 |
| | വെറി റവ. ഫാദർ അലക്ക്സാണ്ടർ സി. ഡി. | |
| 5 | മേരീസ്തവം. (പദ്യം) ശ്രീമാൻ കെ. ജോസഫ് മുണ്ടശ്ശേരി. | 33 |
| 6 | പ്രൊത്തസ്താന്തമതത്തിന്റെ ഉത്ഭവം. | 34 |
| | ശ്രീമാൻ സി. അന്തപ്പായി ബി. ഏ. | |
| 7 | കുട്ടിയുടെ അപേക്ഷ സാധിച്ചു. | 35 |
| | റവ. ഫാദർ ഡാമിയൻ സി. ഡി. | |
| 8 | ഇംഗ്ലണ്ടിന്റെ മാനസാന്തരം. റവ. ജോസഫ് കൊട്ടപ്പന. | 36 |
| 9 | കത്തോലിക്കാ സാഹിത്യപ്രചാരമാർഗ്ഗങ്ങൾ. | 39 |
| | ശ്രീമാൻ ടി. എം. ചിമ്മാർ. | |
| 10 | കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്ക്. സ്വന്തം കൊച്ചച്ചൻ. | 41 |
| 11 | മാതാവിന്റെ ലുത്തനിയാ. (പദ്യം) നമ്മുടെ യുവകവികൾ. | 43 |
| 12 | തിരുഹൃദയ പൊതുനിയോഗം. | 44 |
| 13 | കുറിപ്പുകളും വർത്തമാനങ്ങളും, മനോഗുണവിവരങ്ങൾ | 45 |
| 14 | പഞ്ചാംഗം. പരസ്യം. | |


കുസുമഗ്രന്ഥാവലിയ്ക്കു വരിപ്പണമായും മററും
പണസഹായം ചെയ്യുന്നവരുടെ പേരുവിവരം.

| മ. രാ. രാ. | അവർകൾ. | രൂ. |
|---|---|---|
| ,, | സി. ജെ. മാത്യു അതിരമ്പുഴ. | 1 |
| ,, | മനക്കശ്ശേരി ജോസഫ് തോമ്മസ് അതിരമ്പുഴ. | 1 |
| ,, | കെ. പി. ചീക്കുട്ടി മുഢിപോസ്റ്റ് | 3 |
| ,, | പുതിയിടത്തു മണക്കാട്ടു ദേവസ്യ. | 1 |
| ,, | കുരീക്കാട്ടു മാത്യു വക്കീൽ പാലാ. | 1 |
| ,, | സി. സി. ജോസഫ് ആലപ്പുഴ. | 1 |
| ,, | വി. ജെ ജോസഫ് മുത്തോലപുരം | 1 |
| ,, | പി. പാപ്പി കളരിക്കൽ പുനലൂർ. | 1 |
| ,, | വി. എം. മാണി ഉഴവൂർ. | 1 |
| ,, | R. M. Mathew M. B. B. S. Madras | 1 |
| ,, | ജോസഫ് കോയിക്കര അങ്കമാലിൽ | |
| ,, | പി. ആൻറനി ഫർനാണ്ടസ് | 1 |
| ,, | കെ. ജോസഫ് മുണ്ടശ്ശേരി. | 1 |
| ,, | കെ. കെ. തോമ്മസ് വായിപ്പൂർ. | 1 |
| ബ. | പാവർട്ടി പ്രിയോരച്ചൻ. | 1 |
| ,, | മുട്ടുചിറ മഠത്തിന്റെ ശ്രേഷ്ഠത്തി. | 1 |
| ,, | നെയ്യുമ്പറമ്പിൽ തോമ്മാച്ചൻ. | 1 |
| ,, | കൊച്ചുമുട്ടത്തു യോഹന്നാനച്ചൻ. | 1 |
| ,, | തറയിൽ യാക്കോച്ചൻ. | 1 |
| ,, | കലങ്ങാലിൽ മാത്തച്ചൻ. | 1 |
| ,, | മുട്ടത്തുപാടത്തു യൌസേപ്പച്ചൻ. | 2 |
| ,, | പുത്തൻപുരയിൽ സ്കറിയാച്ചൻ. | 1 |
| ,, | കരിങ്ങട തോമ്മാച്ചൻ. | 2 |
| ,, | പെരുമററത്തിൽ പൌലോസച്ചൻ | 1 |
| ,, | കോയിക്കര യൌസേപ്പച്ചൻ. | 1 |
| ,, | പാറേക്കന്നേൽ തോമ്മാ ശ. | 2ഞ |
| ,, | പഞ്ഞിക്കാരൻ യൌസേപ്പച്ചൻ. | 1 |

കർമ്മെലകുസുമം.

പുസ്തകം ൨൦ ൧൯൨൨ ഫെബ്രുവരി. ലക്കം ൨

## മംഗളം.

പാപത്തിൻകറതീണ്ടിടാത്ത മറിയേ ഭർത്താവുമൊത്താദരാൽ
പാപത്തിൻ പരിഹാരമായ് ത്തനയനെദ്ദൈവത്തിനർപ്പിച്ച നീ
പാപംചെയ്തതുമൂലമുള്ളിലധികം താപം വഹിക്കുന്ന ഞാ–
നാപത്തെന്നിയെ നിന്നടുക്കലണവാനെന്നും തുണക്കേണമെ.

കട്ടക്കയത്തിൽ ചെറിയാൻമാപ്പിള.

## മാർപ്പാപ്പാ തിരുമനസ്സിലെ ദേഹവിയോഗം.

പരിശുദ്ധപിതാവു പതിനഞ്ചാം ബനദീക്തോസ് മാർപ്പാപ്പാതിരുമനസ്സുകൊണ്ടു ജനുവരിമാസം ൨൨-ാംനു ഞായറാഴ്ചകാലത്തു ൬ മണിയോടുകൂടെ പരലോക പ്രാപ്തനായ വിവരം അത്യന്തം വ്യസനസമേതം അറിയിച്ചുകൊള്ളുന്നു. അപ്രതീക്ഷിതമായ ഈ നിര്യാണ വൃത്താന്തം ലോകത്തിനു ആകപ്പാടെ എത്ര സന്താപകാരണമാണെന്നു പറയേണ്ടതില്ലല്ലൊ. യൂറോപ്പിൽ ഒന്നാകെ പടർന്നുപിടിച്ചു തുടങ്ങിയിരിക്കുന്ന ഇൻഫ്ളുവെൻസാപ്പനി തിരുമേനിയെബാധിച്ചിരിക്കുന്നതായി ൧൮-ാംനു ബുധനാഴ്ചത്തെ റൂട്ടരുടെ കമ്പിയിലാണ് ഒന്നാമതായികണ്ടതു്. പരിശുദ്ധ സിംഹാസനത്തെപ്പററിയുള്ള ഓരോ അബദ്ധപ്രസ്താവനകൾ ഇടയ്ക്കിടയ്ക്കു പ്രസിദ്ധീകരിക്കുന്നതിൽ കുപ്രസിദ്ധിസിദ്ധിച്ചിട്ടുള്ള ഈ പ്രവൎത്തനസംഘത്തിൻെറ റിപ്പോർട്ടിനെ എത്രമാത്രം വിശ്വസിക്കണമെന്നു ശങ്കിച്ചിരിക്കയിൽ പിറേറ ദിവസത്തെ കമ്പിയിൽ ദീനസ്ഥിതി കുറെ അവശതയിലാണെന്നുള്ള അവരുടെ രണ്ടാമത്തെ അറിയിപ്പു കാണ്മാനിടയായി. അന്നുതന്നെ പിന്നീടുള്ള ഒരു കമ്പിയിൽ അവിടുന്നു നിര്യാതനായി എന്നുള്ള അറിയിപ്പുവരികയും ചെയ്തു. എന്നാൽ ശനിയാഴ്ച രാത്രിയുണ്ടായ ഒരു വലിയ മോഹാലസ്യം കണ്ടു് തെററിദ്ധരിച്ച മരണവൃത്താന്തം പത്രലേഖകന്മാർ നാടെങ്ങും പ്രചരിപ്പിച്ചതാണെന്നും വാസ്തവത്തിൽ ഞായറാഴ്ച കാലത്തു മാത്രമാണ് നിര്യാണം സംഭവിച്ചതെന്നുമുള്ള വസ്തുത റൂട്ടർ തന്നെ ഇപ്പോൾ അറിവു തന്നിരിക്കുന്നു.

തിരുമനസ്സിലേക്കു ആലസ്യം ആരംഭിച്ചതു ജനുവരി ൧൫-ാംനു ഞായറാഴ്ച മാത്രമാണ്. അന്നു ദിവ്യപൂജ അർപ്പിച്ചതിൻെറശേഷം സ്വല്പമായി ഒരു ചുമ തുടങ്ങി. ബുധനാഴ്ചവരെ അതു കഥവയ്ക്കാതെ മുറയ്ക്കുള്ള പ്രതിദിന കൃത്യങ്ങളെല്ലാം നടത്തിപ്പോന്നു. ൧൮-ാംനു ബുധനാഴ്ചരോഗം ഇൻഫ്ളുവെൻസായാണെന്നു പ്രത്യക്ഷപ്പെടുകയും തിരുമനസ്സുകൊണ്ടു തീരെ

ക്കിടപ്പിലാകയും ചെയ്തു. പനി നൂററിനാലു ഡിഗ്രിവരെ ഉയൎന്നു. കടശി ന്യുമോണിയായുടെ ലക്ഷണങ്ങളും കാണപ്പെട്ടു. ൨൦-ാംനു- വെള്ളിയാഴ്ച രോഗം അസാദ്ധ്യസ്ഥിതിയിലായിപ്പരിണമിച്ചു. തൊണ്ടയിൽ കഫം അധികരിക്കയും സ്വരം നന്നാ ബലക്ഷയത്തിലാകയും ചെയ്തു. എങ്കിലും അവസാനഘട്ടംവരെ അവിടത്തെ ബുദ്ധിക്കു യാതൊരു മാന്ദ്യവും ഭവിക്കയുണ്ടായില്ല. പ്രശാന്തതയും പ്രസന്നതയും സദാ മുഖത്തു സ്ഫുരിച്ചിരുന്നു. എന്നു തന്നെയല്ല, തനിക്കു ശുശ്രൂഷ ചെയ്തിരുന്ന ഡോക്ടർമാർ, ആയകളാദിയായ സകലരുടെയും നേരെ വലിയ കൃതജ്ഞത പ്രദർശിപ്പിക്കയും കൂടക്കൂടെ അവൎക്കു ഉപകാരം പറകയും ചെയ്തുവന്നു. രാത്രി രണ്ടുമണിക്കു സ്വയമേവ ആവശ്യപ്പെട്ടതനുസരിച്ചു തിരുപ്പാഥേയമായി ദിവ്യകാരുണ്യം എഴുന്നള്ളിച്ചുകൊടുത്തു. അനന്തരം മുറിയിൽനിന്നിരുന്ന എല്ലാവരെയും മാററിനിറുത്തിയിട്ടു ഗാസ്പാറി കർദ്ദിനാളുമായി ൨൦ മിനിട്ടു നേരത്തോളം ഒരു രഹസ്യസംഭാഷണം നടത്തി. തദവസരത്തിൽ അവിടത്തെ അന്ത്യശാസനവും കർദ്ദിനാളിനെ ഏൽപ്പിക്കയുണ്ടായി. പിന്നീടു അവിടുന്നു ആവശ്യപ്പെട്ടപ്രകാരം കാർഡിനൽ ഗസ്പാറി തന്നെ കാർഡിനൽ റെറസ്സോനിയുടെ സഹായത്തോടുകൂടെ തിരുമേനിക്കു അന്ത്യലേപനം നൽകി. ഇപ്രകാരം മരണത്തെ പ്രതീക്ഷിച്ചുകൊണ്ടും, ബോധത്തെളിവോടും, ചുററുമുള്ളവരോടു മൃദുസ്വരത്തിൽ മാധുൎയ്യപൂൎവ്വം ഇടയ്ക്കിടെ സംസാരിച്ചുകൊണ്ടും ശനിയാഴ്ച വൈകുന്നതുവരെ തിരുമേനി കിടന്നു.

ഇതിനിടയ്ക്കു രോഗവൃത്താന്തം ലോകമെല്ലാം പരന്നുകഴിഞ്ഞു. പരസ്യപ്രാൎത്ഥനകൾ പല സ്ഥലങ്ങളിലും നടത്തപ്പെട്ടു. റോമ്മായിലുള്ള ദേവാലയങ്ങളിലെല്ലാം ദിവ്യകാരുണ്യം എഴുന്നള്ളിച്ചു വച്ചുകൊണ്ടുള്ള ആരാധനയും പ്രാൎത്ഥനകളും ആരംഭിച്ചു. പത്രോസിന്റെ ദേവാലയത്തിൽ നേർച്ചത്തിരികൾ ഇടവിടാതെ കത്തിക്കൊണ്ടിരുന്നു. അസംഖ്യം പുരുഷാരം രാപകലില്ലാതെ വത്തിക്കാന്റെ സമീപസ്ഥലങ്ങളിലെല്ലാം വന്നുകൂടി. സന്ദർശനക്കാൎക്കായി വഴികൾ ഒഴിച്ചുകൊടുക്കുന്നതിലേക്കു പട്ടാളക്കാർ അവിടവിടെയായി എപ്പോഴും തയ്യാറുണ്ടായിരുന്നു. നോബിൾഗാർഡ് എന്ന സൈന്യവിഭാഗം പരിശുദ്ധ പിതാവിന്റെ മുറിക്കു സമീപത്തായി പതിവുപോലെ കാവൽ നിറുത്തപ്പെടുകയും ചെയ്തു.

ശനിയാഴ്ച സന്ധ്യകഴിഞ്ഞതിൽപ്പിന്നെ ദീനാവസ്ഥ കുറേക്കൂടി വൈഷമ്യപ്പെട്ടു. ഇടക്കിടയ്ക്കു ബോധക്കേടുമുണ്ടായിക്കൊണ്ടിരുന്നു. എങ്കിലും തെളിവു വരുമ്പോൾ ചുററുമുള്ളവരോടു നല്ല മനസ്ഥിരതയോടുകൂടെ സംസാരിച്ചുവന്നു. "ലോകത്തിന്റെ സമാധാനത്തിനു വേണ്ടി എന്റെ ജീവനെ സന്തോഷപൂൎവ്വം ഞാൻസമൎപ്പിക്കുന്നതാണു" എന്നു ഈ അന്ത്യവേളയിൽ ഒരിക്കൽ അവിടുന്നരുളിച്ചെയ്കയുണ്ടായി. ഈ സ്ഥിതിയിൽ കുറെക്കൂടെ കിടന്നശേഷം പെട്ടെന്നു ദീൎഘമായ ഒരു ബോധക്ഷയമുണ്ടായി. അതോടെ ജീവൻ പിരിഞ്ഞുവെന്നു തന്നെ എല്ലാവരും വിചാരിക്കയും അന്ത്യകാല പ്രാൎത്ഥനകൾ മുതലായവ നടത്തുകയും ചെയ്തു. അപ്പോഴാണു പത്രപ്രതിനിധികൾ മരണവൃത്താന്തത്തിന്റെ ഒന്നാമത്തെ കമ്പി അടിപ്പാനിടയായത്. എന്നാൽ അൎദ്ധരാത്രിയോടെ തിരുമേനിക്കു വീണ്ടും ബോധം വീണു എന്നുമാത്രമല്ല എഴുന്നേററിരുന്നു പരസഹായംകൂടാതെ അല്പം ഭക്ഷണം കഴിക്കയും, അടുത്തുള്ള കപ്പേളയിൽ കാലത്തു കുർബാന നേരത്തു തന്നെ വിളിക്കുന്നതിനു അരമന ഉദ്യോഗസ്ഥനോടു ഏൎപ്പാടു ചെയ്കപോലുമുണ്ടായി. എങ്കിലും അതു അവസാനത്തെളിവായിരുന്നു. പിന്നീടു രാവിലെ ആറുമണിയോടുകൂടെ പാവനമായ തന്റെ ആത്മാവിനെ സ്രഷ്ടാവിന്റെ കരങ്ങളിൽ കയ്യാളിക്കയാണുണ്ടായതു.

മരണം കഴിഞ്ഞയുടനെ കാർഡിനൽ ഗസ്പാറി കമർലേങ്കോ എന്ന നിലയിൽ സഭാസംബന്ധമായ കാൎയ്യാദികൾ കയ്യേൽക്കുകയും, എല്ലാവരും മുറിയിൽ നിന്നു പുറത്തു പോകുവാൻ ആജ്ഞാപിച്ചിട്ടു പട്ടാളത്തെയവിടെ കാവൽ നിറുത്തുകയും,



പരിശുദ്ധ പിതാവിന്റെ ഗ്രന്ഥശാലയ്ക്കും ലേഖനശാലയ്ക്കും മുദ്രവയ്ക്കുകയും ചെയ്തു. അനന്തരം ഔദ്യോഗികമായി എല്ലാ ഗവൎമ്മെൻറുകൾക്കും മരണ വിവരം അറിവു കൊടുത്തു. ഇററാല്യൻ മന്ത്രി ചരമവാൎത്ത അറിവു കിട്ടിയ ഉടനെ കൊടിയടയാളം മൂലം ഗവൎമ്മെൻറാപ്പീസുകളിലെല്ലാം ദുഃഖചിഹ്നം പ്രത്യക്ഷപ്പെടുത്തുന്നതിന്നു ഉത്തരവയക്കുകയുണ്ടായി എന്നുള്ള അത്ഭുതപൂൎവ്വമായ സംഗതി പ്രത്യേകം പ്രസ്താവയോഗ്യമായിരിക്കുന്നു.

റോമാനഗരത്തിലുള്ള ൪൦൦ ദേവാലയങ്ങളിലെ മണിനാദം വഴിയ്ക്കാണ് മരണവാൎത്ത പട്ടണത്തിൽ പ്രസിദ്ധീക

രിക്കപ്പെട്ടതു്. കർദ്ദിനാളന്മാരെല്ലവരും കൂടി മൃതശരീരത്തിങ്കൽ ചെന്നു മാർപ്പാപ്പായുടെ പേരുവിളിക്കയും, അനന്തരം കാമർലേങ്കോ കർദ്ദിനാൾ പരിശുദ്ധ പിതാവു ധരിച്ചിരിക്കുന്ന "മീൻപിടുത്തക്കാരന്റെ മോതിരം" ഊരിനീക്കി തല്ലി മുറിച്ചുകളകയും ചെയ്യുന്ന പൂർവ്വിക കർമ്മവും യഥാക്രമം നടത്തപ്പെട്ടു. പുതിയ മാർപ്പാപ്പായ്ക്കുള്ള അംഗുലീയമുണ്ടാക്കുന്നതു ഈ മോതിരംകൊണ്ടു തന്നെ ആയിരിക്കുന്നതാണ്. മൃതശരീരം പത്രോസിന്റെ പള്ളിയിൽ കൊണ്ടുപോയി ആഡംബരപൂർവ്വം സ്ഥാപിക്കുന്നതായ Lying in State എന്ന ചടങ്ങിനുള്ള ഒരുക്കങ്ങൾ തൽക്ഷണം ആരംഭിച്ചു. ആഘോഷമായ ഈ പ്രദിക്ഷിണം പള്ളിയിലെത്തുന്നതുവരെ സർവ്വത്ര പൂജ്യമായ മൌനം വ്യാപിച്ചിരുന്നു. അവിടെയെത്തിയ ഉടനെ സീസ്റ്റൈൻ ഗായകസംഘം "Libera me Domine" എന്ന സങ്കീർത്തനം ഹൃദയഭേദകമാംവണ്ണം പാടിക്കഴിഞ്ഞപ്പോൾ പത്രോസിന്റെ ദേവാലയത്തിലെ പ്രധാനാധികാരി പ്രേതത്തിന്മേൽ തീർത്ഥജലം തളിക്കയും അതിന്റെ ശേഷം ദിവ്യകാരുണ്യത്തിന്റെ കപ്പേളയിൽ പ്രേതമഞ്ചം സ്ഥാപിക്കപ്പെടുകയും ചെയ്തു. ഊരിപ്പിടിച്ച വളോടുകൂടിയ രണ്ടു ഭടന്മാർ നിശ്ചഞ്ചലരായി സദാ അവിടെ കാവൽ നിൽക്കുകയാണ്. പ്രേതമഞ്ചം വിലയേറിയ രത്നങ്ങളാൽ അലംകരിക്കപ്പെട്ടിരുന്നു. ഒരു വെള്ളവസ്ത്രം ധരിച്ചു ജപമാല കോർത്തുപിടിച്ചിരിക്കുന്ന കൈകൾ നെഞ്ചത്തു താങ്ങിക്കൊണ്ടാണ് പരിശുദ്ധ പിതാവു കിടക്കുന്നതു്. ശവസംസ്കാരം ഇന്നദിവസമെന്നു ഇനിയും നിശ്ചയിക്കപ്പെട്ടിട്ടില്ല.

പരിശുദ്ധ പിതാവു തിരുമനസ്സിലെ ജനനം ൧൮൫൪ നവംബർ ൨൧-ാം തീയതിയാകയാൽ കാലംചെയ്യുമ്പോൾ അവിടത്തേക്കു ൬൭ വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. ൧൯൧൪ സെപ്റ്റംബർ മുതൽ ഏഴുവർഷത്തിൽപ്പരം കാലം തിരുമനസ്സുകൊണ്ടു കത്തോലിക്കാ തിരുസഭയെ ഭരിക്കുകയുണ്ടായി. ലോകമഹായുദ്ധത്തിന്റെ ആരംഭദശയിൽ, സമാധാനലേശംപോലും രാഷ്ട്രിയനഭോമണ്ഡലത്തിൽ കാണ്മാനില്ലാതിരുന്ന ഒരു വിഷമഘട്ടത്തിലാണു തിരുമേനി സ്ഥാനം കയ്യേററതു്. എങ്കിലും അവിടുത്തെ അശ്രാന്തപരിശ്രമത്താലും, അനന്യസാധാരണമായ രാജ്യതന്ത്രപ്രവീണതയാലും, സകല ജാതിജനങ്ങളുടെയും അത്ഭുതസ്നേഹബഹുമാനാദരങ്ങൾക്കു പാത്രീഭവിപ്പാൻ തക്ക വിധത്തിൽ രാഷ്ട്രിയ സമാധാനത്തിന്റെ പുനഃസ്ഥാപനത്തിൽ തിരുമേനി ഒരു പ്രധാന ഉപകരണമായിട്ടാണു തീർന്നതു്. ഐർലണ്ടിന്റെ കാര്യവും സമാധാനത്തിൽ കലാശിച്ചതിനോടെ അവിടത്തെ പ്രേഷകജോലി പര്യവസാനിച്ചുവെന്നു പറയാം. തന്റെ അധികാരസീമയിൽപ്പെട്ട എല്ലാ ജനങ്ങളുടെ കാര്യത്തിലും തിരുമനസ്സിലെ ശ്രദ്ധ സവിശേഷം പതിയുകയുണ്ടായിട്ടുണ്ടെങ്കിലും ഭാരതീയക്രിസ്ത്യാനികളുടെ നേരെ അവിടുന്നു പ്രദർശിപ്പിച്ചിട്ടുള്ള അന്യാദൃശമായ സ്നേഹം പ്രത്യേകം പ്രസ്താവയോഗ്യമായിരിക്കുന്നു. ഇൻഡ്യയുടെ മാനസാന്തരകാര്യവും, ഇൻഡ്യൻക്രിസ്ത്യാനികളുടെ ഉത്തരോത്തരമായ ഉന്നമനവും വിശാലമായ അവിടത്തെ ഹൃദയത്തിന്റെ ഒരു പ്രധാനഭാഗത്തെ അധീനമാക്കിയിരുന്നുവെന്ന് അവിടത്തെ പ്രസ്താവനകളിൽനിന്നു പലപ്പോഴും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ഇക്കഴിഞ്ഞ മരിയമഹാജനസഭയെ ആസ്പദമാക്കി ദലഗാദപ്പസ്തോലിക്കാ വഴിക്കു അവിടുന്ന് ഇൻഡ്യയിലെ എല്ലാ മെത്രാന്മാർക്കുമായി അയച്ചിട്ടുള്ള തന്റെ ഒരു അന്ത്യതിരുവെഴുത്തു ഇതിന്റെ ഒരു നിത്യസ്മാരകമായി ശോഭിക്കുന്നതാണ്. ആപാദചൂഡം സ്മരണീയമായ ആ അന്ത്യശാസനത്തിന്റെ അവസാനഭാഗംമാത്രം ഇവിടെ ഉദ്ധരിക്കുന്നു.

"... എന്നാൽ മരിയമഹാജനസഭയിൽ

---

റഷ്യയിലെ ക്ഷാമപീഡിതരായ ജനങ്ങൾക്കു വേണ്ടി പരിശുദ്ധ പിതാവു ചെയ്ത സഹായത്തെക്കുറിച്ചു ലോകത്തിലുള്ള സകല പത്രങ്ങളും തന്നെ കൊണ്ടാടുന്നു.

സാധിച്ചിട്ടുള്ള മററു കാര്യങ്ങളിൽ ഒന്ന് അജ്ഞാനികളുടെ ഇടയിൽ വേദപ്രചരണം ദൈനംദിനം വർദ്ധമാനമായിരിക്കേണ്ടതാണെന്നുള്ള നിശ്ചയം ആകുന്നു. ഇതിനെസംബന്ധിച്ച് നമുക്കു പ്രസ്താവിക്കാനുള്ളത് നാം പലപ്പോഴും പ്രസ്താവിച്ചിട്ടുള്ളതുപോലെ സുവിശേഷവേല യൂറോപ്യന്മാരാൽ മാത്രമല്ല, ഭാരതീയരാലും നടത്തപ്പെടണം എന്നുള്ളതാകുന്നു. എന്തുകൊണ്ടെന്നാൽ "അല്ലയോ ഭാരതമേ! നിന്റെ പുത്രന്മാർ നിന്റെ രക്ഷയുടെ സഹായികൾ ആകുന്നു" എന്ന് ഭാഗ്യസ്മരണാർഹനായ ൰൩-ാംലേയോൻ മാർപ്പാപ്പായുടെ വാക്യം അർത്ഥവത്തായിത്തീരുന്നതിന്, സ്വദേശീയരുടെ മാനസാന്തരത്തിന് മറെറല്ലാവരേയുംകാൾ കൂടുതൽ ക്ഷമതല ഭാരതീയർക്കാണുള്ളത്. പരസ്പരം സഹോദരന്മാരെപ്പോലെ സ്നേഹിച്ചിരുന്ന ആദിമ ക്രിസ്ത്യാനികളുടെ സന്മാതൃക ക്രിസ്തീയവേദപ്രചരണത്തിൽ എത്ര കണ്ടു സഹായിച്ചിട്ടുണ്ടെന്നുള്ളത് ഭാരതീയർ സ്മരിക്കട്ടെ. അവർ അപ്രകാരം ചെയ്ത് വർണ്ണവ്യത്യാസം അഗണ്യമാക്കിയും, അവിശ്വാസികളുടെ മനസ്സുതിരിവിനു ഏററം യോജിച്ച വിധത്തിലുള്ള ജീവിതം നയിച്ചും, അവരെല്ലാവരും "ഒരേ ഹൃദയവും ഒരേ ആത്മാവും" ആയി മ്ശിഹായുടെ സമാധാനത്തിലും സ്നേഹത്തിലും സ്ഥിതിചെയ്യുവാൻ തക്കവണ്ണം ദൃഢബന്ധത്തോടുകൂടിയും ന്യായാനുസൃതമായ അധികാരത്തിന്നധീനരായും വർത്തിക്കട്ടെ. അവരുടെ മെത്രാന്മാരുടെ പണ്ടേതന്നെ ദുർവ്വഹമായ ഭാരം ലഘൂകരിക്കുന്നതിനും, തങ്ങളുടെ ജീവനും ശക്തിയും ഭാരതത്തിന്റെ നന്മയ്ക്കായി വിനിയോഗിക്കുന്ന സന്യാസസഭാംഗങ്ങളുടെനേരെ തങ്ങൾക്കുള്ള കൃതജ്ഞത പ്രദർശിപ്പിക്കുന്നതിനും അവർ വിസ്മരിക്കാതിരിക്കട്ടെ. ഭാരതീയരെ നാം വിശേഷവിധിയായി സ്നേഹിക്കുന്നതുകൊണ്ടും, നമ്മുടെ പ്രതിനിധി വഴിയായി നാം അവരിൽ വസിക്കുന്നതുകൊണ്ടും ഇപ്പോഴുള്ള വിഷമതകളെല്ലാം നീങ്ങി മനസ്സമാധാനത്തോടുകൂടി സ്ഥിതി ചെയ്ത് ഭാരതം ഏഷ്യായിലുള്ള മററു ക്രിസ്തീയസമുദായങ്ങൾക്കു ഒരു പ്രശോഭിത മാതൃകയായി പരിലസിക്കുന്നതുവരെ നമ്മാൽ കഴിയുന്ന എല്ലാ പ്രയത്നങ്ങളും ചെയ്യുന്നതിനു സന്നദ്ധനായിരിക്കകൊണ്ടും ഇപ്രകാരം അവർ ചെയ്യുന്നു എങ്കിൽ നമുക്കു അവർ ആശ്വാസത്തെ പ്രദാനം ചെയ്യും. അതുകൊണ്ടു മരിയ മഹാജനസഭയിൽവച്ച് ഭാരതഭൂമിയുടെ രക്ഷാകർത്രിയായി അവരോധിക്കപ്പെട്ട പരിശുദ്ധ കന്യാസ്ത്രീമറിയത്തിന്റെ ശക്തിമത്തായ സഹായം പ്രാർത്ഥിച്ചുകൊണ്ടും, "നിങ്ങളിൽ ഒരു സൽപ്രവൃത്തി തുടങ്ങിയവൻ അതു പൂർത്തിയാക്കി ദൃഢീകരിച്ചു സ്ഥാപിക്കു"മെന്ന് വിശ്വസിച്ചുകൊണ്ടും, ദൈവികാനുകൂല്യങ്ങളുടെ അച്ചാരമായിട്ടും വന്ദ്യസഹോദരാ താങ്കളുടേയും, ദേശത്തുള്ള സകലമാന മെത്രാന്മാരുടേയും, പട്ടക്കാരുടേയും, അവരുടെ ഭരണത്തിനേല്പിക്കപ്പെട്ടിരിക്കുന്ന പ്രജകളുടേയുംമേൽ ഈ അവസരത്തിൽ നമുക്കുള്ള വിശേഷ ശുഭകാംക്ഷയുടെ ചിഹ്നമായിട്ടും പൂർണ്ണഹൃദയത്തോടെ നാം ശ്ലൈഹികമായ ആശീർവ്വാദം പ്രദാനം ചെയ്തുകൊള്ളുന്നു.

എന്ന്,

വിശുദ്ധ പത്രോസിന്റെ ദേവാലയത്തിൽനിന്നും, നമ്മുടെ പ്രധാനാചാര്യത്വത്തിന്റെ ൮-ാംകൊല്ലം.

൧൯൨൧ ഒക്ടോബർമാസം ൧൫-ാംനു.

ഇതാ ഇപ്രകാരമുള്ള ഒരു മരണശാസനവും നമുക്കു തന്നിട്ടാണു നമ്മുടെ പിതാവു നമ്മെ വിട്ടുപോയിരിക്കുന്നത്. തന്റെ പ്രതിനിധിവഴിക്കെന്നതിനേക്കാൾ തന്റെ ഈ അന്ത്യലേഖനം വഴിയായി താൻ എന്നേയ്ക്കും നമ്മിൽ വസിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഒരു രാജ്യഭരണതന്ത്രജ്ഞൻ ലോകത്തിനു നഷ്ടപ്പെട്ടുവെന്നു സകല ജനങ്ങളും വിലപിക്കുന്നു. കാലാനുസൃതനായ ഒരു തലവൻ തിരുസഭയ്ക്കു നഷ്ടീഭവിച്ചതായി സഭ മുഴുവൻ ഖേദിക്കുന്നു. എന്നാൽ ഭാരതീയക്രിസ്ത്യാനികളാകട്ടെ അവരുടെ സ്നേഹഭാജനമായ ഒരു പിതാവ് ദേഹവിയോഗം ചെയ്തതിനാലത്രേ ക്ലേശിക്കുന്നത്. ദൈവം നമ്മുടെ പിതാവിനു സനാതനസുഖം നൽകുമാറു നമുക്കു ഹൃദയപൂർവ്വം പ്രാർത്ഥിക്കാം.

R. I. P.

# വിശുദ്ധ ശെമഓൻെറ ദിർഘദർശനം.

ഈമാസം രണ്ടാംതീയതിയാണല്ലോ ദൈവജനനിയുടെ ശുദ്ധീകരണത്തിരുനാൾ. പ്രസ്തുത തിരുനാൾ സംബന്ധിച്ചു പല ചടങ്ങുകൾ തിരുസഭയിൽ അനുഷ്ഠിക്കപ്പെട്ടുവരുന്നുണ്ട്. നമ്മുടെ പ്രത്യേക ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ട പല കാര്യങ്ങൾ ഈ തിരുനാളവസരത്തിൽ സഭ നമ്മേ അനുസ്മരിപ്പിക്കുന്നു. അതിൽ ദീർഘദർശിയായ വി. ശെമഓൻ ദൈവജനനിയോടു് അരുളിച്ചെയ്ത ഒരു പ്രവചനസംബന്ധിച്ചുമാത്രം ഇത്തവണ നമുക്കു ചുരുക്കമായി ആലോചിക്കാം.

അരിഷ്ടതകളുടെ ഈ ഭൂമിയിൽ മനുഷ്യൻ ജാതനായിരിക്കുന്നതു പാടുപെടുന്നതിനായിട്ടാണ്. ആകയാൽ പ്രതിദിനം നേരിടുന്ന ഓരോ സങ്കടങ്ങളേയും സഹിക്കയല്ലാതെ നിവൃത്തിയില്ല. എന്നാൽ ഇങ്ങനെ വരുവാനിരിക്കുന്ന ദുഃഖാനർത്ഥങ്ങളെല്ലാം ഓരോരുത്തൻ മുൻകൂട്ടി അറികയാണെങ്കിൽ അവൻെറ സ്ഥിതി എത്ര പരിതാപകരമായിരിക്കും. സേനക്കാ എന്നശാസ്ത്രി പറയുന്നതുപോലെ ഇപ്രകാരമുള്ള അറിവു് ഒരുവനു് വല്ലവിധേനയും ഉണ്ടായാൽ അവൻ സാക്ഷാൽ നിർഭാഗ്യൻ എന്നതിന്നു സംശയമില്ല. ആകയാൽ സർവ്വേശ്വരൻ നമ്മുടെനേരേയുള്ള കൃപാധിക്യത്താലാണ് നമ്മുടെ ഭാവിപീഡകളെ നമ്മിൽനിന്നു് മറെച്ചുവച്ചിരിക്കുന്നതു്. തൻനിമിത്തം ആപൽശങ്ക ഇല്ലാത്തതുകൊണ്ടു് ഒരു സമാധാനവും, നേരിടുന്ന കഷ്ടതകളെ സഹിക്കയല്ലാതെഗത്യന്തരമില്ലെങ്കിലും, അവയുടെ വൈഷമ്യം തീരുമ്പോൾ ഇനി ഈദൃശ കഷ്ടതകൾ സംഭവിക്കാതിരുന്നേക്കമെന്നൊരു ആശ്വാസവും നമുക്കുണ്ടാകുന്നതാണല്ലോ. എന്നാൽ ദിവ്യജനനിക്കു് ഇങ്ങനെയുള്ള ആശ്വാസം നൽകുവാൻ ദൈവം തിരുമനസ്സായില്ല. എന്തുകൊണ്ടെന്നാൽ ഈ അമ്മ വ്യാകുലന്മാരുടെ രാജ്ഞിയും സകലത്തിലും തൻെറ തിരുക്കുമാരനു് അനുരൂപയുമായിരിക്കണമെന്നായിരുന്നു ദൈവനിശ്ചയം. ആകയാൽ വരുവാനിരുന്ന സന്താപങ്ങളെല്ലാം സദാ കാണുകയും ഇടവിടാതെ അവയെ സഹിക്കയുമാണ് മറിയം ചെയ്തിരുന്നതു്. തൻെറ വാത്സല്യ കുമാരനായ ഈശോയിക്കു് നേരിടുവാനിരുന്ന പീഡകളല്ലാതെ വേറൊന്നുമല്ലായിരുന്നു ഈ സന്താപങ്ങൾ.

ഇതാ! വി. ശെമഓൻ ദേവാലയത്തിൽ വെച്ചു് ദിവ്യശിശുവിനെ കരങ്ങളിൽ സ്വീകരിച്ചുശേഷം ഈ പുത്രൻ മനുഷ്യരുടെ ഇടയിൽ വിരോധത്തിൻെറ അടയാളമായി വെക്കപ്പെട്ടിരിക്കുന്നു എന്നും തന്നിമിത്തം ദേവമാതാവിൻെറ ആത്മാവിൽ ഒരു വാൾ കടക്കുമെന്നും ദീർഘദർശനമായി അറിയിക്കുന്നു.

വിശുദ്ധ ശെമഓൻെറ ദീർഘദർശനം കേട്ട മാത്രയിൽ തൻെറ സന്തോഷം മുഴുവൻ ദുഃഖമായി പകർന്നുപോയി എന്നു് ദിവ്യജനനിതന്നെ മെത്തിൽദാ പുണ്യവതിയോടു് അരുളിച്ചെയ്കയുണ്ടായി. എന്തുകൊണ്ടെന്നാൽ വി. ത്രേസ്യാപുണ്യവതിക്കു് വെളിപ്പെടുത്തപ്പെട്ടപ്രകാരം ലോകരക്ഷാർത്ഥം തിരുക്കുമാരൻ ബലിയായി അർപ്പിക്കപ്പെടുവാനിരുന്നതു് ദൈവമാതാവു് മുമ്പേതന്നെ അറിഞ്ഞിരുന്നെങ്കിലും ഈ ദിവ്യപുത്രൻെറ വേദനകളും കഠോരമരണവും പൂർവ്വാധികം വിവരമായും തെളിവായും ഗ്രഹിച്ചതു് ഈ അവസരത്തിലാണ്. ഈശോയിക്കു് സകല സംഗതികളിലും പ്രതിബന്ധം നേരിടുമെന്നും ഈ മാതാവു് കാണാതിരുന്നില്ല. അദ്ദേഹത്തിൻെറ ബോധനങ്ങൾ സംബന്ധിച്ചുണ്ടായ വിരോധങ്ങൾ, താൻ ദൈവപുത്രനെന്നു പഠിപ്പിക്കയിൽ അതിനെ വിശ്വസിക്കുന്നതിന്നു പകരം ദൈവദൂഷകനായി ഗണിക്കപ്പെട്ടതാകുന്നു. അപ്രകാരംതന്നെ കീർത്തി സംബന്ധിച്ചും തൻെറ ദിവ്യപുത്രൻ വിരോധങ്ങൾ അനുഭവിക്കുമെന്നു് മറിയം കണ്ടിരുന്നു. കേവലം ഒരു കുടി

നൻ മാത്രമല്ല; രാജവംശജനുമായിരുന്നിട്ടും ഒരു ഹീനനെപ്പോലെ നിന്ദിക്കപ്പെടുകയാണ് ഉണ്ടായതു്. ജ്ഞാനംതന്നെ ആയിരുന്നിട്ടും ഈശോയെ മൂഢനെന്നും കള്ളദീർഘദർശിയെന്നും ഭോഷനെന്നും പലരും വിചാരിച്ചുവന്നിരുന്നു. ഭ്രാന്തൻ, ഭോജനപ്രിയൻ, മദ്യപാനി, ക്ഷുദ്രപ്രയോഗി എന്നീ നിന്ദ്യവാക്കുകൾ പ്രയോഗിപ്പാനും ചിലർ മടിച്ചില്ല. ഈ വിരുദ്ധത ആത്മാവിലും മിശിഹാ അനുഭവിക്കുകയുണ്ടായി. നിത്യപിതാവു് തന്റെ നീതിക്കൊത്ത പരിഹാരം ചെയ്യിക്കുന്നതിന്നു് പുത്രന്റെ പ്രാർത്ഥനയെ കേൾക്കാതെ ഭയത്തിന്നും ദുഃഖത്തിന്നും അദ്ദേഹത്തെ കയ്യേൽപ്പിച്ചതിനാൽ "എന്റെ ആത്മാവ് മരിക്കത്തക്കവണ്ണം ദുഃഖിതയായിരിക്കുന്നു" എന്നു് (മത്തായി ൨൬. ൩൮.) ഈശോ അരുളിച്ചെയ്തതു ഇതു കൊണ്ടാണ്. രക്തം വിയർക്കുമാറു് അദ്ദേഹത്തിന്റെ അന്തരപീഡകൾ അത്ര തീവ്രതരമായിരുന്നു. ഈ ദുശങ്ങളായ പ്രതിബന്ധങ്ങളും ബാധകളും ശരീരത്തിലും ജീവനിലുംകൂടി മിശിഹാ അനുഭവിക്കാതിരുന്നില്ല. അതിനിന്ദ്യമായ വിധത്തിൽ ഒരു കഴുവിൽ തൂങ്ങി, അവസാനത്തുള്ളിവരെയും രക്തം ചിന്തി ലജ്ജാവഹമായ ഒരു മരണം കൈക്കൊണ്ടതുവരെ തിരുക്കരങ്ങളിലും പാദങ്ങളിലും മുഖത്തും ശിരസ്സിലും എന്നുവേണ്ടാ ശരീരത്തിൽ സർവ്വത്ര ഉഗ്രതമമായ പീഡയാണ് അദ്ദേഹം സഹിച്ചതു്. ഇതുകളൊക്കയും വി. ശെമഓന്റെ ദീർഘദർശനം വഴിയായി വ്യക്തമായി അറിഞ്ഞതിനാൽ ദിവ്യജനനി അനുഭവിച്ച ദുഃഖവും പീഡയും വാചാമഗോചരമെന്നേ പറവാനുള്ളു. അപ്പോൾ മറിയം മരണത്തിനു് വശംവദയാകാഞ്ഞതു് ദൈവതൃക്കരങ്ങളുടെ ഒരത്ഭുതകൃത്യം മാത്രമായിരുന്നു.

ക്രിസ്ത്യാനികളേ! ദൈവജനനി അനുഭവിച്ച വേദനകൾ എത്ര വല്യതെന്നു നോക്കുവിൻ! എങ്കിലും ഇവയെല്ലാം ദൈവ തിരുമനസ്സുപോലെ സംഭവിക്കുന്നു എന്നു വിചാരിച്ചു അവയെ സസന്തോഷം സഹിച്ചു. നമുക്കു നേരിടുന്ന കഷ്ടതകൾ, നാശങ്ങൾ, നിന്ദകൾ, ഉപദ്രവങ്ങൾ, സങ്കടങ്ങൾ, ദീനങ്ങൾ ആദിയായ സകലവും നമ്മുടെ ഉപരിഗുണത്തിന്നായി നമ്മുടെ പിതാവായ ദൈവത്തിൽനിന്നു വരുന്നു എന്നു വിചാരിക്കണം. "ഒരു കാശിനു രണ്ടു ചെറിയ കുരുവികൾ വില്ക്കപ്പെടുന്നില്ലയോ? അവയിൽ ഒന്നുപോലും നിങ്ങളുടെ പിതാവറിയാതെ നിലത്തു വീഴുന്നില്ല. നിങ്ങളുടെ തലയുടെ രോമങ്ങളെല്ലാം എണ്ണപ്പെട്ടിരിക്കുന്നു. (മത്തായി ൧൦. ൩൦.) എന്നു നമ്മുടെ കർത്താവ് അരുളിച്ചെയ്യുന്നു. പാപമൊഴികെ ലോകത്തിൽ സമസ്തവും ദൈവതിരുമനസ്സുപോലെയത്രേ സംഭവിക്കുന്നതു. ആകയാൽ എല്ലാററിലും ദൈവജനനിയെപ്പോലെ സർവ്വേശ്വരന്റെ തിരുമനസ്സിനെ വാഴ്ത്തി നമുക്കു സന്തുഷ്ടരായിരിക്കാം. ഇക്കൊല്ലത്തെ ശുദ്ധീകരണത്തിരുനാളിന്റെ ഒരു ഫലം ഇതായിരിക്കട്ടെ.

ഫാദർ അംബ്രോഷ്യസ് സി. ഡി.

# മാർപ്പാപ്പാമാരും യാക്കോബായസഭയും.

കത്തോലിക്ക സഭയുടെ നേരെയുള്ള മതിപ്പും വിശ്വാസവും നമ്മുടെ യാക്കോബായ സഹോദരന്മാർക്കു ഇപ്പോൾ പൂർവ്വാധികം വർദ്ധിച്ചുവരുന്നുണ്ടു്. എങ്കിലും മാർപ്പാപ്പായുടെ പരമാധികാരം ഇപ്പോഴും അവർക്കു അസഹ്യമായ ഒരു പ്രതിബന്ധമായിട്ടാണിരിക്കുന്നതു്. അദ്ദേഹത്തിന്റെ ആ അപ്രമാദിത്വവും, അദ്ദേഹത്തിന്റെ ആശ്രേഷ്ഠാധികാരവും അവരെ വല്ലാതെ വിഷമപ്പിക്കുന്നുണ്ടു്. അതിനാൽ അവരുടെ പൂർവ്വികന്മാരായ യാക്കോബായക്കാർ റോമ്മാസിംഹാസനത്തിന്റെ നേർക്കു പ്രദർശിപ്പിച്ചിട്ടുള്ള ചില സ്നേഹബഹുമാന ലക്ഷ്യങ്ങൾ അവരുടെ പ്രയോജനത്തിനായി ഇവിടെച്ചേർത്തുകൊള്ളുന്നു.

പതിനഞ്ചാംനൂററാണ്ടിൽ വിശുദ്ധ എവുജെനി മപ്പാപ്പായുടെ വാഴ്ചകാലത്തു ഫ്ലൊരെൻസ് നഗരത്തിൽ കൂടിയ ആകമാന സൂനഹദോസിൽ ഗ്രേക്കർ, അർമ്മേന്യക്കാർ സുറിയാനിക്കാർ മുതലായ പല ജനങ്ങൾ തങ്ങളുടെ പതിതമതങ്ങളെ ഉപേക്ഷിച്ചു വിശുദ്ധ കത്തോലിക്കാപ്പള്ളിയുടെ ഐക്യതയിൽ ചേൎന്നു. ഇതിനുള്ള ഏൎപ്പാടുകൾ നടക്കയിൽ എത്യോപ്യാ യാക്കോബായക്കാരുടെ പാത്രിയക്കിസായ മാർ യോഹന്നാൻ ശുദ്ധ. എവുജെനി മാപ്പാപ്പാക്കു അയച്ച എഴുത്തിൽ ഇപ്രകാരം പറയുന്നു. "പട്ടസുഖത്തിൻെറ പൂൎണ്ണതയും ഏററം നല്ല ഇടയനും, മഹിമയുടെയും പരിശുദ്ധതയുടെയും പ്രഭുവും, ഈ പരദേശയാത്രയിൽ വഴിനടക്കുന്നവൎക്കു ഏററം കരുണയുള്ള നായകനും, വിചാരണയാലും പരിശുദ്ധതയാലും ശേഷംപേൎക്കു രക്ഷയുടെ വഴികാട്ടിയും ആകുന്ന പരിശുദ്ധ പിതാവെ! വലിയ പട്ടണമായ റോമ്മായുടെ പാപ്പായും ക്രീസ്തീയ സഭമുഴുവൻെറ ശ്ലീഹാസ്ഥാനത്ത ഇടയനും, മെത്രാസനങ്ങളുടെയും പിതാക്കന്മാരുടെയും ഈശോമിശിഹാ കൎത്താവിൻെറ സകലപട്ടക്കാരുടെയും ഏക പ്രഭുവും, രോഗപ്പെട്ട ആത്മാവുകളുടെ വൈദ്യനുമാകുന്ന മാർ എവുജെനിയെ! അങ്ങെ മുമ്പാകെ നിലംവരെയും ഞാൻ കുമ്പിടുന്നു"— ഈ എഴുത്തു ൧൪൩൯ കന്നി ൧൫-ാംനു കെയിറൊപട്ടണത്തിൽ നിന്നു എഴുതപ്പെട്ടതാണു.

മേല്പറയപ്പെട്ട യാക്കോബായ പാത്രിയക്കീസും എത്യോപ്യാരാജാവും കൂടി തങ്ങളുടെ സ്ഥാനാപതിയായി എജിപ്തിലെ ശുദ്ധ. അന്തോനീസിൻെറ ആശ്രമശ്രേഷ്ഠനായ പെ. ബ. അന്ത്രയോസ് അബാത്തയെ സൂനഹദോസിലേക്കു യാത്രയാക്കി. ഇദ്ദേഹം ഏതാനും കൂട്ടുകാരോടുകൂടെ ൧൪൪൧ ചിങ്ങമാസത്തിൽ സൂനഹദോസിൽ വന്നെത്തി. ചിങ്ങം ൩൧-ാംനു ഇദ്ദേഹം സൂനഹദോസിൽ ശുദ്ധ. എവുജേനി മാപ്പാപ്പായുടെ തിരുമുമ്പിൽ നിന്നുകൊണ്ടു ഇപ്രകാരം പറഞ്ഞു. "പരിശുദ്ധ പിതാവേ! അങ്ങെ മഹത്വത്തെയും എൻെറ ഹീനതയെയും ഞാൻ വിചാരിക്കയിൽ ഞാൻ അധികമായി ഭയപ്പെടുന്നു. ഞാൻ ചുരുക്കമായി ബോധിപ്പിപ്പാൻ പോകുന്നവയിൽ വല്ലതെററും വന്നെങ്കിൽ എന്നോടു ക്ഷമിക്കണമെന്നു സാദ്ധ്യമായി ഞാൻ അപേക്ഷിക്കുന്നു. എന്തെന്നാൽ മാനുഷനായിരിക്കുന്ന എന്നെ പേടിയല്ലാതെ മറെറാന്നും തെററിക്കയില്ല. ഭൂമിമേൽ ഒരു ദൈവമായിരിക്കുന്ന അങ്ങെ സന്നിധാനത്തിൽ പൊടിയും ചാമ്പലുമായിരിക്കുന്ന ഞാൻ പറയുന്നു. സാക്ഷാൽ അങ്ങുന്നു ഭൂമിമേൽ ദൈവവും, മിശിഹായും, തൻെറ വികാരിയുമാകുന്നു; അങ്ങുന്നു പത്രോസിൻെറ പിൻഗാമിയും, തിരുസ്സഭമുഴുവൻെറ പിതാവും തലവനും മല്പാനും ആകുന്നു. അങ്ങെക്കു മനസ്സുള്ളവൎക്കു പറുദീസാ തുറക്കുന്നതിന്നും അടക്കുന്നതിന്നുമായി താക്കോൽ നൽകപ്പെട്ടിരിക്കുന്നു. അങ്ങുന്നു രാജാക്കളുടെ പ്രഭുവും കൎത്താക്കളിൽ ഏററം വലിയവനുമായിരിക്കുന്നു".— റോമ്മാ മേല്പട്ടക്കാരൻെറ മഹിമയെക്കണ്ടും അറിഞ്ഞുമിരിക്കുന്നയാളുകൾ ഈ യാക്കൊബായക്കാരൻെറ വാക്കുകളിന്മേൽ ഒട്ടും അതിശയിക്കയില്ല.

൧൪൪൧ കന്നി ൨-ാംനു ഓറശ്ലത്തിലുള്ള എത്യോപ്യാ യാക്കോബായക്കാരുടെ തലവനായ നിക്കൊദെമ്മൂസ് അബാത്തായുടെ ഭാഗത്തു നിന്നു വേറൊരു സ്ഥാനാപത്യം ടി. സൂനഹദോസിൽ വന്നു. ഈ സ്ഥാനാപതി സൂനഹദോസിൽ ശുദ്ധ. എവുജെനിമാപ്പാപ്പായുടെ തിരുമുമ്പിൽ നിന്നുകൊണ്ടു ഇപ്രകാരം പറഞ്ഞു. "പരിശുദ്ധ പിതാവെ! അങ്ങെസന്നിധാനത്തിങ്കൽ എത്തുന്ന മനുഷ്യർ ഒക്കയും ദൈവത്തിന്നു മഹാസ്തോത്രം ചെയ്വാൻ കടപ്പെട്ടിരിക്കുന്നു. എന്തുകൊണ്ടെന്നാൽ പാപികളായ മനുഷ്യരുടെ ഇടയിൽ സഞ്ചരിക്കുന്ന മിശിഹായെ അങ്ങിന്നിൽ കാണുന്നതിന്നു അവരെ താൻ യോഗ്യരാക്കുന്നു. ഞങ്ങളെക്കാൾ റോമ്മാമേല്പട്ടക്കാരനെ ഏററം വലിയ വിശ്വാസത്തോടും ഭക്തിയോടും മതിക്കുന്ന മററു ജനം ഉണ്ടെന്നു ഞങ്ങൾക്കു തോന്നുന്നില്ലായെന്നു, ശേഷം ജനങ്ങളെ ഉപദ്രവിക്കാതെ, ബോധിപ്പിച്ചുകൊള്ളുന്നു. ഈ മതിപ്പുപരിജ്ഞാനത്താൽ അറിയപ്പെട്ടതാണ്. ഞങ്ങൾ നാട്ടിലേക്കു പിന്തിരിയുമ്പോൾ, മഹാപുരുഷാ

രം ഞങ്ങളെ എതിരേല്പാൻ വരികയും, കൈകൊട്ടി സന്തോഷം കാണിക്കയും ചെയ്യും. എന്തുകൊണ്ടെന്നാൽ റോമ്മാ മേല്പട്ടക്കാരന്റെ സന്നിധാനത്തിങ്കൽനിന്നു വരുന്ന ആളുകളെ എതിരേല്ക്കുന്നതിന്നായി സ്ത്രീപുമാന്മാരായ അനേകമാളുകൾ കൂട്ടമായി വരികയും, അവരുടെ കാലുകളെ മുത്തുകയും അവരുടെ ഉടുപ്പിൽനിന്നു വല്ല നൂലുകൾ പറിച്ചെടുത്തു അരുളിക്കാപോലെ സൂക്ഷിക്കയും ചെയ്യുന്നതും എല്ലാപ്പോഴും പതിവായി കണ്ടുവരുന്ന സംഗതിയാണ്. റോമ്മാമേല്പട്ടക്കാരന്റെ പരിശുദ്ധതയെക്കുറിച്ചു ഞങ്ങളുടെ നാട്ടുകാൎക്കുള്ള മതിപ്പു എപ്രകാരമുള്ളതെന്ന് ഇതിൽനിന്നു ഗ്രഹിപ്പാൻ പാടുണ്ട്".

എന്നാൽ ഇതിലും വിശേഷമായതും, ഏകരക്ഷാകരമാൎഗ്ഗമായ വിശുദ്ധ കത്തോലിക്കാപള്ളിയുടെ മേൽ മതിപ്പും വിശ്വാസവും സ്വന്ത പതിതമതത്തിന്മേൽ ഉപേക്ഷയും പ്രദൎശിപ്പിക്കുന്നതുമായ ഒരു ദൃഷ്ടാന്തം, ൧൭൭൮-ാമാണ്ടു പുത്തൻക്കൂറുകാരുടെ മേലദ്ധ്യക്ഷനായിരുന്ന മാർ ദീവന്നാസ്യോസ്, ൬-ാംപീയൂസ് മാൎപ്പാപ്പാക്കു ദിവ്യശ്രീ കരിയാററി യൌസേപ്പു മല്പാൻവശം കൊടുത്തയച്ച സ്മരണയോഗ്യമായ ലേഖനമത്രേ. ഈ ലേഖനമയച്ചകാലത്തു, ഇപ്പോൾ പല കക്ഷിക്കാരായി ചിതറിയിരിക്കുന്ന പുത്തൻക്കൂറുകാർ എല്ലാവരും ഒരു കൂട്ടമായിരുന്നു. അന്നു സകലരും ഒരുമിച്ചു വിശുദ്ധ കത്തോലിക്കാപള്ളിയിലേക്കു ചേരുവാൻ അപേക്ഷിച്ചുകൊണ്ടു അയച്ച ഈ ലേഖനത്തിൽ മാർ ദീവന്നാസ്യോസ് ഇപ്രകാരം പറയുന്നു:— "ഞാൻ ഭരണമേററപ്പോൾ എന്റെ പട്ടം വാസ്തവമുള്ളതല്ലെന്നും എന്റെ മുൻഗാമികളുടെ കാലത്തുവന്ന യാക്കോബായക്കാരിൽനിന്നും റോമൻകത്തോലിക്കാസഭയിലെ പഠനമുള്ള പട്ടക്കാരിൽനിന്നും ഞാൻ അറിഞ്ഞു. ആകയാൽ അവരുടെ ഗുണദോഷത്തിന്നു ഞാൻ എളിമയോടെ ചെവി കൊടുത്തുകൊണ്ട്, ൧൭൭൨-ൽ നിരണത്തുപള്ളിയിൽവച്ചു യാക്കോബായ മെത്രാപ്പോലീത്താ ആയ മാർ ഗ്രീഗോറിയോസിനോട് അസ്സപ്പട്ട മുതൽ മെത്രാസ്ഥാനംവരെ ഏററു. ഇതല്ലാതെയും, ഞാൻ അനുസരിച്ചിരിക്കുന്ന വിശ്വാസം ശൊവ്വുള്ളതല്ലെന്നും, കൎത്താവിന്റെ കാലംമുതൽ ഇന്നോളം കറയില്ലാതെ നിൎമ്മലമായിരിക്കുന്ന കത്തോലിക്കാവിശ്വാസത്തിന്നു പുറത്തു രക്ഷയില്ലായെന്നും, കത്തോലിക്കാസഭയിലെ പഠനമുള്ള പട്ടക്കാരിൽനിന്നും സൂനഹദോസുകളുടെ പുസ്തകങ്ങളിൽനിന്നും എനിക്കു ബോദ്ധ്യമായിരിക്കുന്നു... വിശുദ്ധ കത്തോലിക്കാപള്ളി കൈക്കൊള്ളുന്നതും വിശ്വസിക്കുന്നതുമൊക്കെ കൈക്കൊണ്ടു വിശ്വസിക്കമാറു ഞാനും എന്റെ ജനവും സൎവ്വശക്തനായ ദൈവത്തിന്റെ മുമ്പാകെ സത്യം ചെയ്കയും പറഞ്ഞൊക്കയും ചെയ്യുന്നു". ഇതാ ൧൨൫ വൎഷത്തിന്നു മുമ്പുണ്ടായിരുന്ന പുത്തൻകൂറു യാക്കോബായക്കാരുടെ അഭിപ്രായം.

ഫാദർ അലക്സാണ്ടർ സി. ഡി.

## മേരിസ്തവം.

1 മഹിളമാർ മണി മേരി മഹാശയേ!
മഹിയിലേവനുമാശ്രയ വേശ്മമേ!
അഹികുലത്തെമഥിച്ചവൾ നീ ദയാ—
സഹിതമെൻഹിതമെന്നിലണയ്ക്കണേ!.

2 അവനിയിൽക്കഴിയുന്നതു തക്ക പോ—
ലവഗമിച്ചമരുന്നൊരു കന്യകേ!
ശിവമിവന്നണവാൻ പണിയുന്നു നിൻ
ഭുവനപാവനപാദസരോരുഹം.

3 അമലരാമമരേശർപണിഞ്ഞിടും
വിമലപാദസരോജമണഞ്ഞിടും
സമയമാമയമാററിയണയ്ക്കണേ!
മമ ഹിതം മഹിതാംബിക നീ ജവം.

4 തവ പദാംബുജ സേവവെടിഞ്ഞിടു—
ന്നവനു സൌഖ്യമതില്ലൊരു ലേശവും
ഭുവനദേവി! തവാക്ഷികളെന്റെ മേൽ
നിവരണേ! വരണേ വരസൌഖ്യവും.

5 കരകവിഞ്ഞൊഴുകും ദുരിതാബ്ധിവ–
ത്തിരയിലാണ്ടുഴലുന്നവനെന്നിൽ നീ
കരളിലാർദ്രത പൂണ്ടു ഭവല്പരം
തരണമൊരണമെന്നെ നിരന്തരം.

6 മലകണക്കപരാധമണച്ചിട്ടും
ഖലർ പിശാചുകളെന്നൊടെതിർക്കവെ
ഉലകിനീശ്വരി! വീഴ്ത്തുകവർക്കെഴും
തലബലാബലബലാവലി മാലികേ!.

7 മരണവേളയിലെന്നൊടെതിർത്തിടും
കുളക്രൂരമരാതിയെ വെല്ലുവാൻ
വിരവൊടെന്നരികത്തു മമാംബികേ!
വരണമാരണമാശു ജയിക്കണേ!.

8 പരമ സൽഗുണ നീരണയാശ്ശയാൽ
വരളുമെൻമനമൊട്ടു തണുത്തിടാൻ
വരകൃപാമൃതധാരപൊഴിക്ക നീ!
സരസ സാരസ സാരഗുണാംബുധേ!.

9 ചരവിപരം തടവും തവമേനിയെ–
ക്കവിയുമാശയൊടോത്തമരുന്നു ഞാൻ
സുവിമലേ! യിവനിൽ കുടികൊള്ളണേ!
ഭുവിനയം വിനയം ക്ഷമയെന്നിവ.

10 വികല ഹൃത്തൊടു ഞാനിഹ ചെയ്തൊരാ–
സകലപാപവുമോടിയൊളിക്കുവാൻ
പുകളെഴും തവകാൽ പണിയുന്നൊരാ–
പ്പകലിവൻ, കലിവൻപു തടുക്കണേ.

കെ. ജോസഫ് മുണ്ടശ്ശേരി.

# പ്രോത്തസ്റ്റാന്തുമതത്തിൻെറ ഉൽഭവം.

ജർമ്മൻകാരനായ മാർട്ടിൻ ലൂഥർ കത്തോലിക്കമതത്തെ ഉപേക്ഷിച്ചപ്പോൾ അദ്ദേഹത്തിൻെറ അനുഗാമികളെ 1529–നുശേഷം ഇദംപ്രഥമമായി 'പ്രോത്തസ്റ്റാന്തുകാർ' എന്നു വിളിക്കുവാൻ തുടങ്ങി എന്നു ഒരു ഇംഗ്ലീഷ് ചരിത്രകാരൻ പറയുന്നു. ലൂഥർ 1483–ൽ ജനിക്കയും 154?–ൽ മരിക്കയും ചെയ്തു. 1505–ൽ അദ്ദേഹം അഗുസ്തീനൂസു സന്യാസ സഭയിൽ ചേന്നു; 1507–ൽ കുർബാനപ്പട്ടമേറ്റു. 1508–ൽ വിറ്റൻബർഗ്ഗിലെ സർവ്വകലാശാലയിൽ തത്വജ്ഞാനപണ്ഡിതനായി നിയമിക്കപ്പെട്ടു. 1510–ൽ 10–ാം ലെയൊ പാപ്പയെ റോമയിൽചെന്നുകണ്ടു. 1512–ൽ ഒരു വേദശാസ്ത്രപണ്ഡിതനായി നിയമിക്കപ്പെട്ടു. 1517–ൽ ജോൺ ടെററ് സെൻ എന്ന ദേഹം 'ദോഷപൊറുതി' പത്രങ്ങളെ വിററൻബെർഗ്ഗ് പട്ടണത്തിൽ വിററു തുടങ്ങിയിരിക്കുന്നു എന്നു അബദ്ധമായി ധരിച്ചു റോമാ സഭയോടു എതിർക്കുവാൻ പുറപ്പെടുകയും, 1520–ൽ മഹറോൻ ചൊല്ലപ്പെടുകയും ചെയ്തു. അദ്ദേഹത്തിൻെറ ജീവിതത്തിലുണ്ടായ മറെറല്ലാ സംഭവങ്ങൾ ഇവിടെ അപ്രസ്തുതമാണ്. 1524–ൽ സന്യാസ വസ്ത്രം പരിത്യജിച്ചു. 1525–ൽ അദ്ദേഹത്താൽ വശീകൃതയായ കത്രീനാ വോൺബോറ എന്ന ഒരു കന്യാസ്ത്രീയെ വിവാഹം ചെയ്യുകയും 6 മക്കളുണ്ടാകുകയും ചെയ്തു.

ഇക്കാലത്തു ഇംഗ്ലണ്ടിൽ 8–ാം ഹെൻറി രാജാവാണു വാണിരുന്നത്. ലൂഥർ കത്തോലിക്കാ സഭക്കു വിരോധിയായി തീന്ന് അതിൻെറ ഏഴു കൂദാശകളെ പരസ്യമായി ആക്ഷേപിച്ചപ്പോൾ ഈ എട്ടാം ഹെൻറി രാജാവു ലൂഥറിൻെറ വാദങ്ങളെ ഖണ്ഡിച്ചു ഏഴു കൂദാശകളുടെസമർത്ഥനം (Defence of the Seven Sacraments) എന്നു പേരായ ഒരു പുസ്തകം ലത്തീൻ ഭാഷയിൽ എഴുതി പ്രസിദ്ധപ്പെടുത്തുകയാൽ, അക്കാലത്തു വാണിരുന്ന പത്താം ലെയൊ മാപ്പാപ്പ സന്തോഷിച്ച് അദ്ദേഹത്തിനു വിശ്വാസ സംരക്ഷകൻ (Defender of the Faith) എന്ന സ്ഥാനം കൊടുത്തു. എങ്കിലും കുറേകാലം കഴിഞ്ഞതിൻെറശേഷം അദ്ദേഹത്തിനു രാജധാനിയിലെ പരിചാരികകളിൽ ഒരുവളായിരുന്ന ആൻബൊളീൻ എന്ന സ്ത്രീയിൽ അനുരാഗം ജനിച്ചു. തൻെറ പത്നിയായി ഏകദേശം ഇരുപതു സംവത്സരത്തോളമിരുന്ന കത്രീന എന്ന രാജ്ഞിയെ ഉപേക്ഷിക്കുവാനുള്ള ഓരോ ന്യായങ്ങൾ പറഞ്ഞുണ്ടാക്കി. ആ മഹിഷിയിൽ മേരി എന്ന സന്താനവുമുണ്ടായിരുന്നു. ഒരിക്കൽ ആ സ്ത്രീ എട്ടാം ഹെൻറിയുടെ അനുജൻെറ ഭാര്യയായിരുന്നിട്ടുണ്ട് എന്നായിരുന്നു ഒരു യുക്തി.

സപത്നി ജീവിച്ചിരിക്കെ പുനർവിവാഹം അനുവദിച്ചുകൂടാത്തതാണെന്നുള്ള മാർപ്പാപ്പായു

ടെ നിരോധംനിമിത്തം എട്ടാം ഹെൻറിരാജാവു അത്യന്തം കോപിച്ചു ക്രമേണ പാപ്പയുടെയും റോമാസഭയുടെയും ശത്രുവായിത്തീരുകയും മേൽപറഞ്ഞ പരിചാരികയെ പരസ്യമായി വിവാഹം ചെയ്കയും ചെയ്തു. ഈ സംഭവങ്ങളുണ്ടായതു 1532-നും 1534-നും മദ്ധ്യേയാണ്. പിന്നീടു ആൻബൊലീൻ വ്യഭിചാരിണിയായിരുന്നു എന്ന കുററത്തിനു ശിരഃഛേദശിക്ഷ അനുഭവിച്ചു. പിന്നെ എട്ടാം ഹെൻറി ജെയിൻ സെയിമൂർ എന്നു പേരായ മറെറാരുത്തിയെ വിവാഹംചെയ്തു. ൮-ാം ഹെൻറി രാജാവു ഇതിനുശേഷവും നാലു വിവാഹങ്ങൾ ചെയ്കയുണ്ടായി. ഈ വിവാഹങ്ങളുടെ സംഗതി ഈ വിഷയത്തിൽ അപ്രസ്തുതമല്ലെ എന്നു ചിലൎക്കു തോന്നിയേക്കാമെങ്കിലും നിജധൎമ്മപത്നിയെ പരിത്യജിച്ചതും കത്തോലിക്കാ സഭയിൽ നിന്നുള്ള എട്ടാം ഹെൻറി രാജാവിൻെറ പിരിവും ഒരേകാലത്തുണ്ടായതോൎക്കുമ്പോൾ, ഏതുവിധമായ മനോവികാരമാണ് അദ്ദേഹത്തെ പ്രേരിപ്പിച്ചതെന്നുള്ള ഒരു ചോദ്യം ഉത്ഭവിക്കാതെ കഴികയില്ലല്ലൊ. ഈ വിധമാണ് ഇംഗ്ലണ്ടിൽ പ്രൊത്തസ്റ്റാന്ത് മതമുണ്ടായതു്.

സി. അന്തപ്പായി ബി. ഏ.

## കുട്ടിയുടെ അപേക്ഷ സാധിച്ചു.

ലണ്ടൻ പട്ടണത്തിൻെറ കിഴക്കെ അതൃത്തിയിൽ ഒരു ആതുരശാലയിൽ ഒരു യൂദപ്പെൺകുട്ടി മരണാസന്നയായിക്കിടന്നിരുന്നു. മരണം സമീപിച്ചുവെന്ന് അവൾക്കു മനസ്സിലായി. അവളുടെ മനസ്സാന്തരത്തിനുവേണ്ടി പലപ്പോഴും ശ്രമിച്ചിട്ടുള്ള ഒരു കന്യാസ്ത്രീയെ വിളിച്ച് "എനിക്കിപ്പോൾ ക്രിസ്ത്യാനിയാകുന്നതിനു എന്നെ ഉടനേ ജ്ഞാനസ്നാനപ്പെടുത്താമോ?" എന്നു അവൾ ചോദിച്ചു.

ഇത്ര പെട്ടെന്നുള്ളതും നിനച്ചിരിയാത്തതുമായ ആ അപേക്ഷയെക്കുറിച്ച് സഹോദരി അതിശയിച്ചുകൊണ്ട് സാവധാനത്തിൽ ഇങ്ങനെ മറുപടിപറഞ്ഞു. "അതിനാണോ പ്രയാസം? എങ്കിലും ഇത്ര വലിയ ഒരു സംഗതി നടത്തുന്നതിനുമുമ്പ് ചിലതൊക്കെ അറിഞ്ഞിരിപ്പാനുണ്ട്. ഇത്ര പെട്ടന്നു ക്രിസ്ത്യാനിയാകുന്നതിനു നിന്നെ പ്രേരിപ്പിച്ച സംഗതി എന്താണു"?

ഇതു കേട്ടിട്ട് ആ കുട്ടി ഇപ്രകാരം പറഞ്ഞു. "എൻെറ സഹോദരീ! ഇതു അത്ര പെട്ടെന്നുള്ള സംഭവമല്ല. ഞാൻ ചെറിയ കുട്ടി ആയിരിക്കയിൽ ഒരിക്കൽ ക്രിസ്ത്യാനിയായിരുന്ന എൻെറ സ്നേഹിതകളിൽ ഒരുത്തി അവളോടുകൂടെ എന്നേയും ഒരു കത്തോലിക്കാ ദേവാലയത്തിൽ കൊണ്ടുപോകയും ഞാൻ സത്യവേദം അനുസരിക്കുന്നതിനുവേണ്ടി അവൾ പ്രാൎത്ഥിച്ചു എന്നുപറകയും ചെയ്തു. അതിൻെറ ശേഷം അവളുടെ അപേക്ഷയ്ക്കു സമ്മതിക്കണമെന്ന് പലപ്പോഴും എനിക്കു വിചാരം വന്നിരുന്നു".

ഇത്രയും കേട്ട ഉടനെ ആ കന്യാസ്ത്രീ "എന്നാൽ ഞങ്ങളുടെ വിശ്വാസസത്യങ്ങൾ നിന്നെ ഞാൻ മനസ്സിലാക്കാം അനന്തരം ഉടനേ ഒരു വൈദികനെയും വരുത്താം" എന്നു സന്തോഷത്തോടുകൂടി പറഞ്ഞു.

"ഹേയ് അതു താമസമാണ്; ഓ! എൻെറ ഈശോയെ! നീ എനിക്കുവേണ്ടി പാടുപെട്ടു മരിച്ചുവെന്ന് ഞാൻ വിശ്വസിച്ചാൽ പോരായോ?" എന്ന് ദീനമായി കിടക്കുന്ന യൂദക്കുട്ടി ഉത്തരം പറഞ്ഞു. അപ്പോൾ കന്യാസ്ത്രീ "എന്നാൽ എൻെറ കുഞ്ഞേ! അതുമതി. നിന്നെ ജ്ഞാനസ്നാനപ്പെടുത്തുന്നതിന് ഒരു വൈദികനെ ഞാൻ വിളിക്കട്ടെ." എന്നു പറഞ്ഞപ്പോൾ ആ കുട്ടി "അയ്യോ! സഹോദരീ! അതിനു സമയമില്ല. നിങ്ങൾ തന്നെ എന്നെ ജ്ഞാനസ്നാനപ്പെടുത്തണം" എന്ന് അപേക്ഷിച്ചു.

ആശ്ചൎയ്യപരവശയായ കന്യാസ്ത്രീ പിന്നെ ഒട്ടും മടിക്കാതെ അവൾക്കു ജ്ഞാനസ്നാനം കൊടുത്തു. അധികം കഴിയും മുമ്പുതന്നെ കുട്ടി മരിക്കുകയും ചെയ്തു. ഇങ്ങനെ ആ കത്തോലിക്കപെൺകുട്ടിയു

ടെ പ്രാർത്ഥന ഫലവത്തായി. അന്യമതസ്ഥരായ നമ്മുടെ സ്നേഹിതന്മാരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുന്നതിനെങ്കിലും വല്ലപ്പോഴും നമുക്കു ഓർമ്മ വരുന്നുണ്ടോ? ഒരു ചെറിയ പ്രാർത്ഥന ചിലപ്പോൾ അവരുടെ നിത്യരക്ഷക്കു കാരണമായിത്തീരുന്നുകൂടും.

ഫാദർ ഡാമിയൻ സി. ഡി.

## ഇംഗ്ലണ്ടിന്റെ മാനസാന്തരം. *

"ഇംഗ്ലണ്ടിൽ കഴിഞ്ഞ കൊല്ലം ൧൦൩൯൨ പേർ കത്തോലിക്കാ സഭയിലേക്കു പ്രവേശിച്ചിട്ടുണ്ട്" എന്നൊരു കുറിപ്പ് കഴിഞ്ഞ ഒരു ലക്കം 'കുസുമ'ത്തിൽ കാണുവാൻ സംഗതിയായി. അപ്പോളാണു കത്തോലിക്കമതത്തിന് ഇംഗ്ലണ്ടിൽ ലഭിച്ചിട്ടുള്ള പ്രശംസനീയമായ പ്രചാരത്തെക്കുറിച്ചു ഗ്രഹിക്കാനിടവന്ന ചില കൂടുതൽ വിവരങ്ങൾ പ്രസ്താവിച്ചാൽ ഇംഗ്ലണ്ടിന്റെ യഥാർത്ഥമായ താല്ക്കാലികാവസ്ഥയെപ്പററിയുള്ള ഒരു ഏകദേശജ്ഞാനമെങ്കിലും പൊതുജനങ്ങൾക്കു നൽകുന്നതിനുപകരിക്കുമെന്നു ഒരു വിചാരമുണ്ടായതു.

ഉൽകൃഷ്ടവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള പല മഹാന്മാരും കത്തോലിക്കമതാനുയായികളായി തീർന്നുകൊണ്ടിരിക്കുന്നു എന്ന വസ്തുത ഒരു പക്ഷേ 'കുസുമ'ത്തിലെ പ്രസ്തുത ചുരുങ്ങിയ പ്രസ്താവനകൊണ്ടു ഗ്രഹിക്കാൻ എളുപ്പമല്ല. പേരുകേട്ട ആധുനിക സാഹിത്യകാരന്മാരിൽ പലരും കത്തോലിക്കസഭയെ അവലംബിച്ചിരിക്കുന്നു. ഇംഗ്ലണ്ടിലെ കത്തോലിക്കനിലയെ പരാമർശിച്ച് അനവധി കൃതികൾ അവർ ചമച്ചുവരുന്നു. ഡ്റൈഡൻ, കാർഡിനൽ മാനിംഗ്, കാർഡിനൽ ന്യൂമാൻ, ഫാദർ ഫേബർ തുടങ്ങിയ പല പല മഹാന്മാരെപ്പോലെ വേറെ പലരും സത്യസഭയിലേക്കുള്ള നേർവഴി കണ്ടുപിടിച്ചു 'പാപ്പാമത'ത്തിലേക്കു പിൻതിരിഞ്ഞുപോരുന്നു. പ്രസിദ്ധ ചരിത്രകാരനായ മൊൺസിഞ്ഞോർ വാർഡവർകളുടെ "Catholic London a century ago; Dawn of Catholic revival in England" എന്ന ചരിത്ര ഗ്രന്ഥങ്ങളും (Records of the English Catholics; English Catholic Non-Jurors; Old English Catholic Missions; The English Catholic Hierarchy; Catholic England in Modern times The position of the Catholic church in England and Wales; L' Eglise Catholic L' Angleterre etc.) ആദിയായ അനേക ആംഗ്ലേയകൃതികൾപോലും, വേണ്ടിവന്നാൽ കത്തോലിക്കമതത്തിനു ഇംഗ്ലണ്ടിൽ ലഭിച്ചിട്ടുള്ള സ്ഥാനത്തെ കാണിക്കുമാറു സാഹിത്യസംബന്ധമായ സാക്ഷ്യങ്ങളായിരിക്കുന്നു. ഏതൽ സ്ഥിതിഗതികളെല്ലാമാലോചിച്ചാൽ കുറേക്കാലമായിട്ട് ഇംഗ്ലണ്ടിന്റെ അന്തരീക്ഷത്തിലെ കാററു മാറി വീശുവാൻ തുടങ്ങിയതായും തിരുസഭയിലേക്കു ഒരൊഴുക്കു വന്നിട്ടുള്ളതായും മനസ്സിലാക്കുവാനേവക്കും സാധിക്കുന്നതാണ്.

"വളരെ വത്സരങ്ങൾക്കു മുമ്പിനാലെ ഇംഗ്ലണ്ടിന്റെ മാനസാന്തരമാരംഭിച്ചു കഴിഞ്ഞിരിക്കുന്നു എന്നുള്ളതിനു യാതൊരു സംശയവുമില്ല. എന്നാൽ ഇതിലുമുപരിയായ സന്തോഷത്തെ നൽകുന്നതു് ക്രമോൽഗതമായ ഒരഭിവൃദ്ധി ഇതിനുണ്ടായികാണുന്നതിലാണ്" എന്നു ബിഷോപ്പു ജോൺ വോൺ അവർകൾതന്നെ പ്രസ്താവിച്ചിരിക്കുന്നു. രാജസഹായമുള്ള ആംഗ്ലിക്കൻസഭയുടെ കേന്ദ്രസ്ഥാനമായ ഇംഗ്ലണ്ടിൽ ഈവിധമുള്ള 'തകിടംമറിച്ചിൽ' സംഭവിച്ചുകാണുന്നതു് നാനാതരത്തിൽ ശ്രദ്ധേയമായിട്ടാണിരിക്കുന്നതു്. ആംഗ്ലിക്കൻ (പ്രൊട്ടസ്റ്റന്റ്) സഭയുടെ 'പൃച്ഛ' തെളിഞ്ഞതായി അതു പ്രത്യക്ഷപ്പെടുത്തുന്നു; തിരുസഭയുടെ ശ്രേഷ്ഠതയെ അതു

---

* ബിഷോപ്പു ജോൺ വോണവർകളുടെ ഒരു ലേഖനത്തിൽനിന്നും മററും സംഗ്രഹിച്ചതു്.

സ്ഥാപിക്കുയും ചെയ്യുന്നു. കാലാന്തരം സത്യാസത്യങ്ങളുടെ ഒരുരകല്ലാണെന്നുള്ള അഭിപ്രായത്തെക്കൂടി ഈ സംഭവം പിൻതാങ്ങുകയും ഉദാഹരിക്കുയും ചെയ്യുന്നു.

കാർഡിനൽ മാനിംഗ്, കാർഡിനൽ ന്യൂമാൻ മുതലായ മഹാത്മാക്കൾ സത്യാസത്യാന്വേഷണാർത്ഥം ചെയ്ത പരിശ്രമങ്ങളുടെ ഫലമായി, ഇംഗ്ലണ്ടിനെ റോമിൽനിന്നും അകററി വേർതിരിച്ചിരുന്ന മതദ്വേഷമാകുന്ന മതിൽക്കെട്ട താനെ തകൻപോയതായി കണക്കാക്കാവുന്നതാണ്. ഈ കാലഘട്ടത്തോടുകൂടി ബിഷോപ്പ് വോണവർകൾ പറയുന്ന ഇംഗ്ലണ്ടിൻെറ ആ മാനസാന്തരദശയും ആരംഭിച്ചതായി കരുതാവുന്നതത്രേ. ഏതൽദശഷമുള്ള സന്തോഷകരമായ സംഭവങ്ങൾ കത്തോലിക്കക്കേവക്കംആശ്വാസകരമായിരിക്കാനേ ഇടയുള്ളൂ. ആശ്വാസപ്രദങ്ങളായ ഈ സംഭവങ്ങളുടെ അഭിനയം അനുദിനമെന്നപോലെ ഇംഗ്ലണ്ടിലുണ്ടായിക്കാണുന്നുമുണ്ട്. സാമാന്യം സാവധാനത്തിലാരംഭിച്ചു പ്രവഹിക്കുന്ന ഒരു നദിക്കു തുല്യം, ഇംഗ്ലണ്ടിലെ മാനസാന്തരവും കൈവഴികൾ എന്നപോലെ വന്നുചേരുന്ന പല ഉന്നത നിലകളിലുള്ള ജനങ്ങളുടെ അഗമനാനന്തരം വേഗതക്കൂടി സത്യസഭാസമുദ്രമാകുന്ന റോമാസാഗരത്തിലേക്കു ക്രമേണ സമീപിച്ചുവരുന്നു.

ഹെൻറി എട്ടാമൻെറ കാലശേഷം നാമാവശേഷമെന്നപോലെ മാത്രവും പാരദേശികമായും കരുതിവന്നിരുന്ന കത്തോലിക്കമതം അഥവാ 'റോമാസഭ' ഇന്ന് ഇംഗ്ലണ്ടിൽ എല്ലാംകൊണ്ടും ഗണനീയമായ ഒരു നിലയെ അർഹിക്കുന്നെന്നു ധൈര്യസമേതം പറയാം. അനേക കാലത്തെ മതമർദ്ദനമേററു പരിതാപകരമായ പതനത്തിലെത്തിയ വിശ്വാസം ആധുനികാവസ്ഥയിലെത്തുമെന്നു മതവിരോധികളോ മററു മതസ്നേഹികളോ അക്കാലത്തു പ്രതീക്ഷിച്ചിരുന്നെങ്കിൽ കേവലം ഹാസ്യപ്രതീക്ഷയായി അന്നുള്ളവർ അനുമാനിക്കുമായിരുന്നു. അത്രമേൽ അനുകമ്പാജനകമായ 'പട്ട'കാലഘട്ടത്തിൽക്കൂടി ഇംഗ്ലണ്ടിലെ കത്തോലിക്കസഭയ്ക്കു കടന്നുപോരേണ്ടതുണ്ടായിരുന്നു. "ഫന്നൈ വരെ ദേവാലയങ്ങളേയോ പട്ടക്കാരേയോ വിശ്വാസികളേയോ അവിടെ കണക്കിൽ കൂട്ടിയിരുന്നില്ല. പാർലമെൻറിലോ രാജ്യാവകാശ സംബന്ധമായ മററു ഏർപ്പാടുകളിലോ ഇവക്കു സ്ഥാനമില്ലാതെയാണ് ഇരുന്നിട്ടുള്ളതു്. കത്തോലിക്കാസഭപോലും മതവിദ്വേഷികളായ മേധാവികളുടെ അധികാരധിക്കാരത്താൽ ത്യാജ്യകോടിയിലേക്കു തള്ളപ്പെട്ടിരുന്നു.

എന്നാൽ ഫന്നൈ-നുശേഷം ഈസ്ഥിതിക്കെല്ലാം മാററം സംഭവിച്ചതുപോലെ കാണപ്പെട്ടു. ഇംഗ്ലണ്ടിലും വെത്സിലുംകൂടി പ്രസ്തുത കൊല്ലത്തിൽ നൗ,ൻവന കത്തോലിക്കരുണ്ടായിരുന്നതായും ഫവ്വ൦ൽ ആയിരത്തി നാന്നൂററുപതു ജനങ്ങളുടെ വർദ്ധന കാണിക്കുമാറു ആ സംഖ്യ നൻ ആയിരത്തി നവ്വന ആയി വർദ്ധിക്കുയും ചെയ്തതായും രേഖകളിലുണ്ട്. ഇക്കൊല്ലത്തിൽ നൠൻ വൈദികരുണ്ടായിരുന്നതായുമറിയുന്നു. പിന്നീട് വന സംവത്സരങ്ങൾക്കുശേഷം ഫവ്വ൦ന-ലെ കണക്കു നോക്കുന്നതായാൽ കത്തോലിക്കരുടെ സംഖ്യ ൈ ലക്ഷത്തിനുമേൽ വർദ്ധിച്ചിരിക്കുന്നെന്നു കാണാം. കാനേഷ്മാരി കണക്കനുസരിച്ചു ഫവ്വൻഫ-ൽ കത്തോലിക്കാമതാനുയായികൾ പത്തു ലക്ഷത്തിൽ ഒട്ടും കുറവല്ലായിരുന്നെന്നുള്ള അനുമാനത്തെ അടിസ്ഥാനപ്പെടുത്തുന്നതായാൽ ഒരു ശതകാർദ്ധത്തിനുള്ളിൽ ന ലക്ഷം ജനങ്ങൾക്കുമേൽ വർദ്ധിച്ചിട്ടുണ്ടെന്നു വരുന്നു. ദേവാലയങ്ങളുടെയും മററു മതസ്ഥാപനങ്ങളുടെയും വർദ്ധനവ്, സ്കൂളുകളാദിയായവയുടെ അഭിവൃദ്ധി മുതലായവ പ്രസ്തുത രാജ്യത്തിൽസത്യവിശ്വാസത്തിനു സിദ്ധിച്ച സ്വാധീനശക്തിയെ പ്രത്യക്ഷപ്പെടുത്തുന്നുണ്ട്. ഗവമ്മേൻറുകണക്കനുസരിച്ചു മതോപയോഗസമ്മതിയുള്ളതായി ഇംഗ്ലണ്ടിലും വെയിത്സിലുംകൂടി ഫഠന ദേവാലയങ്ങളേയുണ്ടായിരുന്നുള്ളൂ. ഫവ്വൻ-ലാകട്ടെ ഇംഗ്ലണ്ടിൽ നവ്വൻ ദേവാലയങ്ങളും ആരാധനസ്ഥലങ്ങളും വെയിത്സിൽ ന-൦ ഉണ്ടായിരുന്നു. ഫവ്വര൦-ൽ ഈ സംഖ്യ രഠൈ ആയി വർദ്ധിക്കുയും അതിനോടു സംബന്ധിച്ച വൈദികർ ഠര്വ ലേക്കുയരുകയും ചെയ്തു.

കാർഡിനൽ മാനിംഗ് ഫവ്വൻഫൽ അയച്ച ഇടയലേഖനത്തിൽ, നാല്പതു

കൊല്ലത്തിനു മുമ്പുള്ള ലണ്ടൻഭരണാതൃത്തിക്കുള്ളിൽ എട്ടു ദേശവിഭാഗങ്ങളിലായി ൧൮൨ പട്ടക്കാരെയുണ്ടായിരുന്നുള്ളുവെന്നും അവയിൽനിന്നുമുത്ഭവിച്ച മൂന്നു മിസ്സങ്ങളിലായി അപ്പോൾ ൭൦൨ എണ്ണമായിരിക്കുന്നെന്നും പ്രതിവത്സരം അതിൻെറ വർദ്ധനവു് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നും പ്രസ്താവിച്ചിട്ടുള്ളതിൽ നിന്നു് അവിടെ വേലിയേററംപോലെ വർദ്ധിച്ചുകൊണ്ടിരിക്കുന്നെന്നേവക്കും ഊഹിക്കാമല്ലൊ. “The position of the Catholic church in England” (ഇംഗ്ലണ്ടിലെ കത്തോലിക്കസഭയുടെ നില) എന്ന ഗ്രന്ഥാവലിയുടെ കർത്താവിൻെറ ൧൮൯൨-ലെ പ്രസ്താവന അനുസരിച്ചു ൧൮൫൧-ൽ പട്ടക്കാരുടെ സംഖ്യ ത്രിഗുണീഭവിക്കയും മൂന്നു ദേവാലയങ്ങൾ സ്ഥാപിച്ചിരുന്ന അതുത്തിക്കകത്തു് അതു ഏഴായി ഉയരുകയുംചെയ്തു. “സംഖ്യാസംബന്ധമായി റോമൻകത്തോലിക്കാ വിദ്യാലയങ്ങളുടെ അഭിവൃദ്ധി അഭിലഷണീയമായിരിക്കുന്നു. അദ്ധ്യയന സമ്പ്രദായത്തിലും ഫലത്തിലും ഒന്നുകൂടി തൃപ്തികരം. ൧൮൫൩-ലെ അനാശാസ്യമായ നിലയിൽനിന്നും വിദ്യാലയങ്ങൾ അഞ്ചിരട്ടിയായി വർദ്ധിച്ചിരിക്കുന്നു. ഈ അഭിവൃദ്ധി ക്രമേണ തുടൎന്നുകൊണ്ടുമിരിക്കുന്നു” എന്നെല്ലാമാണു് ഗവൎമ്മൻറുവക ഡിവിഷൻ ഇൻസ്പെക്ടരുടെ പ്രസ്താവന.

ഒരു ഇംഗ്ലീഷ് ചരിത്രകാരനെഴുതിയിരിക്കുന്ന വിവരം ഏതാണ്ടു താഴെക്കുറിക്കുംപ്രകാരമാണ്:— കത്തോലിക്കവിശ്വാസം അനുദിനം അഭിവൃദ്ധിയെ പ്രാപിച്ചുകൊണ്ടിരിക്കുന്നു. ഉന്നതസ്ഥാനാവലംബികളും വിദ്യാനിപുണന്മാരുമായ പലരും തിരുസഭയുടെ ഐക്യത്തെ കാംക്ഷിച്ചു പിൻതിരിഞ്ഞെത്തിക്കൊണ്ടിരിക്കുന്നു. വൈദികരുടേയും സ്ഥാപനങ്ങളുടേയും മററും സംഖ്യയും അധികം വൎദ്ധിച്ചതായി കാണുന്നുണ്ടു്. ശില്പവിദ്യാലംകൃതങ്ങളും കമനീയങ്ങളുമായ ദേവാലയങ്ങളും ഉയൎന്നുകൊണ്ടിരിക്കുന്നു. സെമിനാരികൾ, കലാശാലകൾ, വിദ്യാലയങ്ങൾ എന്നുവേണ്ട ആതുരാലയങ്ങൾ, ധാൎമ്മികശാലകൾ മുതലായ സ്ഥാപനങ്ങൾക്കും കൂട്ടത്തിലാവശ്യങ്ങൾ നേരിട്ടുകൊണ്ടുതന്നെയിരിക്കുന്നു. സന്മാൎഗ്ഗം, പുണ്യം, അക്ഷരാഭ്യാസം മുതലായവയ്ക്കും പുറമേ നല്ല ഉദ്ദേശ്യത്തോടുകൂടി ക്രൈസ്തവമായ പല നല്ല സ്ഥാപനങ്ങളും തിരുസഭ ഏൎപ്പെടുത്തി നടത്തുന്നുമുണ്ടു്. കത്തോലിക്കാ വിശ്വാസസ്വീകാരിയും സുപ്രസിദ്ധനാമാവുമായ കാർഡിനൽ മാനിംഗ് ൧൮൮൬-ൽ സംഗതിവശാൽ പ്രസംഗമദ്ധ്യേ പ്രസ്താവിച്ച ചില വിവരങ്ങൾ വിശേഷാൽ ശ്രദ്ധേയങ്ങളാണ്. അതായതു്: ഒരുനൂറു കൊല്ലങ്ങൾക്കുമുമ്പു ഭക്തനും വിനീതനുമായ ഒരു പുരോഹിതൻ ഇരുപതു പവനു ഒരു മുറി വാടകയ്ക്കുവാങ്ങി വിശുദ്ധബലി അവിടെ അൎപ്പിച്ചുവന്നു. ശിക്ഷാനിയമം മൂലം ദേവാലയകാൎയ്യമറിയാടാൻ ആരും ധൈൎയ്യപ്പെട്ടിരുന്നില്ല. പിന്നീടു ചെറിയ ആരാധനസ്ഥലങ്ങളും, ൧൮൩൦-നും ൧൮൪൮-നുമിടയ്ക്കു ദേവാലയങ്ങളും പണിതുയൎന്നുതുടങ്ങുകയുംചെയ്തു. സെൻറ് ജോർജ് മെത്രാസനദേവാലയോൽഘാടനാവസരത്തിൽ ഉണ്ടായ കത്തോലിക്കാ ഇടയസമ്മേളനംപോലെ വൈദികരുടെ ഒരു കൂട്ടം മൂന്നു ശതാബ്ദങ്ങൾക്കുള്ളിൽ ഇംഗ്ലണ്ടു കണ്ടുകാണുകയില്ല.” ഈദൃശമായ അഭിവൃദ്ധി ലണ്ടൻസീമകൾക്കുള്ളിൽ മാത്രമല്ല സാർവ്വത്രികമായി രാജ്യമാസകലമുണ്ടായിക്കൊണ്ടിരുന്നതായും തൻെറ പ്രസംഗത്തിൽ പ്രദൎശിപ്പിച്ചിട്ടുണ്ടായിരുന്നുവെന്നുള്ളതും പ്രസ്താവയോഗ്യമാണ്.

ഈശ്വരാനുകൂല്യത്താലീ സംഖ്യകൾ അത്യധികമായി വൎദ്ധിച്ചുവരുന്നുണ്ടു്. ഇംഗ്ലണ്ടിലാകമാനമുണ്ടായിട്ടുള്ള പ്രോത്സാഹജനകമായ കത്തോലിക്കാഭിവൃദ്ധിയെ കുറിക്കുന്ന ചില സംഖ്യകൾകൂടി പ്രസ്താവിക്കുന്നതുമൂലം മേൽ കൊടുത്തിട്ടുള്ള കണക്കുകൾ വിശദമാകുമെന്നു് ഊഹിക്കുന്നു.

| സംവത്സരം. | പട്ടക്കാരുടെ സംഖ്യ. |
|---|---|
| ൧൮൫൧ | ൮൨൬ |
| ൧൮൯൦ | ൨,൪൭൮ |
| ൧൯൧൮ | ൩,൯൫൨ |

| സംവത്സരം. | ദേവാലയങ്ങൾ. |
|---|---|
| ൧൮൦൧ | ൧൫൬ |
| ൧൮൫൧ | ൫൮൬ |
| ൧൮൯൦ | ൧,൩൩൫ |
| ൧൯൧൮ | ൧,൮൯൮ |

ഇംഗ്ലണ്ടിലും വെയിൽസിലും സ്കോട്ടുലണ്ടിലുംകൂടിയുള്ള കത്തോലിക്കാ ജനസംഖ്യ. ൧൮൫൦-ൽ ൭ ലക്ഷം. ൧൮൯൧-ൽ പത്തുലക്ഷത്തിൽപരം. ൧൯൨൧-ൽ ആകട്ടെ ഈ സംഖ്യ ൨൫ ലക്ഷത്തി ൩൩ ആയിരത്തിലധികവുമായിരുന്നു. അതിനാൽ ഈ ക്രമത്തിലുള്ള അഭിവൃദ്ധിയനുസരിച്ച്, ഇപ്പോൾ കത്തോലിക്കരുടെ ജനസംഖ്യ വളരെ ഉയൎന്നിട്ടുണ്ടെന്നുള്ളതു നിരാക്ഷേപമാണ്.

ആധുനികാവസരത്തിലാകട്ടെ ഈ കണക്കുകളെ പിന്നിലാക്കുന്ന അഭിവൃദ്ധി ഉണ്ടായിക്കൊണ്ടിരിക്കുന്നു. യുദ്ധകാലത്തു മാനസാന്തരത്തിന് അനിതരകാലസാധാരണമായ പ്രാബല്യമുണ്ടായിക്കൊണ്ടിരുന്നുവെന്നതിന് ആംഗ്ലേയപ്രസിദ്ധീകരണങ്ങളും മററും സാക്ഷ്യം വഹിക്കുന്നു. പ്രസ്തുതാഭിവൃദ്ധി നിലച്ചുപോയിട്ടില്ലെന്നു മാത്രമല്ല ഇന്നും ക്രമാഭിവൃദ്ധിയെ പ്രാപിച്ചുകൊണ്ടുമിരിക്കുന്നു എന്നതിനു 'കുസുമ'ത്തിൽ കൊടുത്തിരുന്ന കുറിപ്പു ഒരു സാക്ഷ്യം മാത്രമാണ്. കത്തോലിക്കൎക്ക് ആധുനികാംഗ്ലേയ സാഹിത്യത്തിൽ കിട്ടിയിട്ടുള്ള സ്ഥാനവും ആംഗ്ലേയകത്തോലിക്കരുടെ സ്വാധീനതയെ ഉൽഘോഷിക്കുന്നു. കലാശാലാബിരുദുകൊണ്ടും സാഹിത്യരചനാസാമൎത്ഥ്യത്താലും സൎവ്വസമ്മതമായ പ്രഥമസ്ഥാനത്തെ അൎഹിക്കുന്ന, ഹില്ലരിബെല്ലൂക്ക (Author of 'Europe and the Faith' etc.) മുതലായ സാഹിത്യകാരന്മാരെപ്പോലുള്ള കത്തോലിക്കാ എഴുത്തുകാരെക്കുറിച്ചുള്ള വിവരങ്ങൾ വേറൊരു ലേഖനവിഷയമാക്കാനെ നിവൃത്തിയുള്ളു.

അഭയത്തിനായി അളകളിലേക്കു മടങ്ങിവന്നു കയറുന്ന പാമ്പിന്റെ തല പുറത്തിൽ കടന്നശേഷവും ഉടലും വാലും വെളിക്കു കുറേസമയത്തേക്കു കാണാവുന്നതാണല്ലൊ. ഏകദേശം ഇതേവിധത്തിൽ കാർഡിനൽ മാനിംഗ് ന്യൂമാൻ ആദിയായ ആംഗ്ലിക്കൻ നേതാക്കന്മാർ തലസ്ഥാനമായ ഇംഗ്ലണ്ടിൽതന്നെ മാനസാന്തരപ്പെട്ടിരിക്കുന്നു; എന്നിട്ടും അവരുടെ അനുഗാമികളായി അവിടവിടെയുള്ള ജനങ്ങൾ ഇനിയും മുഴുവനായി അകത്തേക്കു കടന്നിട്ടില്ല! കാലക്രമേണ അതും സംഭവിക്കാതെയിരിക്കയില്ല. അതിന്നായി നാം ഹൃദയപൂൎവ്വം പ്രാൎത്ഥിക്കണം.

റവ. ജോസഫ് കൊട്ടുപ്പുറ.

## കത്തോലിക്കാ സാഹിത്യപ്രചാരമാൎഗ്ഗങ്ങൾ.

ഈ വിഷയത്തെപ്പററി 'കുസുമ'ത്തിന്റെ കഴിഞ്ഞ ചില ലക്കങ്ങളിൽ മിസ്റ്റർ കെ. ഏ. പോൾ എഴുതിയതായി ചേൎത്തിരുന്ന ലേഖനം വായനക്കാരുടെ ശ്രദ്ധയെ സവിശേഷം ആകൎഷിച്ചിരിക്കുമെന്നു വിശ്വസിക്കുന്നു. പ്രസ്തുത വിഷയത്തിൽ മിസ്റ്റർ പോളിനുള്ള അഭിപ്രായത്തെതന്നെ അതിന്റെ ഇന്നത്തെ അപരിത്യാജ്യമായ ആവശ്യകതയാൽ ഒന്നുകൂടി സ്വീകരിക്കയത്രെ ഈ ലേഖനം മൂലം ചെയ്യുന്നതെന്നുള്ള സംഗതി ആദ്യമായി പ്രസ്താവിച്ചുകൊള്ളട്ടെ.

മലയാളഭാഷാസാഹിത്യത്തിൽ ഇന്നു പ്രചുരപ്രചാരത്തിൽ വന്നെത്തീട്ടുള്ളതു ഹൈന്ദവ പുരാണേതിഹാസങ്ങളെ സംബന്ധിച്ചു എഴുതീട്ടുള്ള സാഹിത്യഗ്രന്ഥങ്ങളാണെന്നുള്ളതു സുജ്ഞാതമാണല്ലൊ. അപ്രകാരമുള്ള കൃതികൾ ഭാഷാസാഹിത്യത്തിൽ നാൾക്കുനാൾ എണ്ണത്തിലും വണ്ണത്തിലും ഉൽകൃഷ്ടതയെ പ്രാപിച്ചും വിദ്വജ്ജനങ്ങളുടെ ശ്രദ്ധയെ പൂൎവ്വാധികം ആകൎഷിച്ചും കൈരളീസാഹിതിയിൽ കളിയാടുന്നുണ്ടെന്നുള്ളതു രഹസ്യമായ ഒരു സംഗതിയല്ലല്ലൊ. എന്നാൽ വിലക്ഷണ കഥാസംയുക്തമായ ഈ ഹൈന്ദവ സാഹിത്യ ഗ്രന്ഥങ്ങൾക്കുള്ളതിന്റെ ശതാംശമെങ്കിലും വിലയൊ നിലയൊ മാലിന്യ സംക്രമണ ലേശമില്ലാ

ത്തുള്ള കത്തോലിക്ക സാഹിത്യ ഗ്രന്ഥങ്ങൾക്കു മലയാളത്തിൽ സിദ്ധിച്ചുകാണുന്നില്ല. എന്നുവേണ്ട കത്തോലിക്കരിൽത്തന്നെ സാഹിത്യരസം അനുഭവിക്കാൻ ഏതാണ്ടു സഹൃദയത്വം വന്നിട്ടുള്ള മലയാളികൾ പ്രതിദിന പാരായണത്തിനുപയോഗിക്കുന്ന പുസ്തകങ്ങളുടെ കഥതന്നെ ആലോചിച്ചാൽ ഈ വസ്തുത തെളിയുന്നതാണ്. കത്തോലിക്കാ സാഹിത്യ ഗ്രന്ഥങ്ങളിൽ പലതും അവശ്യം ഗ്രഹിച്ചിരിക്കേണ്ടതുണ്ടെന്നിരുന്നാലും അവയെ തീരെ അഗണ്യമായി കരുതി അന്യമത സാഹിത്യ പുസ്തകങ്ങളെ സാദരം സ്വീകരിക്കുന്ന സമ്പ്രദായം നമ്മുടെ ഇടയിൽ ഇന്നും സുലഭമായിട്ടുതന്നെയിരിക്കുന്നു. ഇതിനുള്ള പ്രധാന കാരണം മതസംബന്ധമായ ഗ്രന്ഥങ്ങളുടെ പ്രയോജന പ്രാധാന്യങ്ങളെ ഗ്രഹിക്കായ്കകൊണ്ടോ ഭാഷാസാഹിത്യ പ്രസൂനത്തിന്റെ സ്വല്പ ഘ്രാണം വന്നുപോയിട്ടുള്ളതുകൊണ്ടോ, ഉത്തമ രീതിയിലുള്ള കത്തോലിക്കാ സാഹിത്യ ഗ്രന്ഥങ്ങളുടെ അഭാവം നിമിത്തമോ എന്നു പലവിധത്തിൽ ശങ്ക ജനിക്കാമെന്നിരുന്നാലും അവയിൽ ഒടുവിൽ പറഞ്ഞ സംഗതിയത്രെ പ്രത്യക്ഷമായിരിക്കുന്നത്. അതായത് കത്തോലിക്ക സാഹിത്യത്തിൽ പ്രൌഢങ്ങളും ആകർഷണീയങ്ങളുമായ കൃതികൾ ദുർല്ലഭവും ഹൈന്ദവ സാഹിത്യത്തിൽ ഏതാദൃശ കൃതികൾ സുലഭവും ആയിരിക്കുന്നു എന്നുള്ളതുതന്നെ. ഒന്നുകൂടി വിസ്തരിച്ചു പറയുന്നതായാൽ കത്തോലിക്കാ സഹിത്യം അതിന്റെ കൈശോര നിലയിൽ മാത്രവും ഹൈന്ദവ സാഹിത്യം അതിന്റെ പരമകാഷ്ഠയിലും സ്ഥിതി ചെയ്യുന്നു എന്നുള്ളതത്രെ.

ഈ ന്യൂനതയെ അശേഷം "പരിഹരിച്ചു കത്തോലിക്കാ സാഹിത്യത്തെ കാലാനുസൃതമായ അഭിവൃദ്ധിയിൽ ആരോഹണം ചെയ്യിക്കാൻ ശേഷിയും ശേമുഷിയും ഉള്ള കത്തോലിക്കർ പരിശ്രമിക്കേണ്ട കാലം" അതിക്രമിച്ചിരിക്കുന്നു എന്നു പറയേണ്ടതില്ലല്ലോ. ആധുനിക കാലത്തു കത്തോലിക്കാ വിദ്വാന്മാരിൽ ചിലർ ഈ വിഷയത്തിൽ പല വിധ ശ്രമം ചെയ്തുവരുന്നുണ്ടെന്നുള്ളതു സസന്തോഷം ഇവിടെ സ്മരിക്കാതിരിക്കുന്നില്ല. തന്നിമിത്തമത്രെ കത്തോലിക്കാ സാഹിത്യം ഇന്നത്തെ ഈ ക്രമപ്രവൃദ്ധമായ നിലയിൽ സ്വല്പമെങ്കിലും ഉയർന്നുകൊണ്ടിരിക്കുന്നതെന്നുള്ളതു സകലരും സംവദിക്കുന്നതാണല്ലോ. എന്നാൽ കത്തോലിക്കാ വിദ്വാന്മാരുടെ ഈദൃശ പരിശ്രമം പൂർണ്ണവിജയത്തെ പ്രാപിക്കുന്നതിനു വളരെ പ്രയാസമായ വിധത്തിൽ അത്രക്കു ഇന്നത്തെ ഭാഷാസാഹിത്യം ഉയർന്ന നിലയിൽ എത്തിയിരിക്കയാൽ നമ്മുടെ ഗ്രന്ഥകർത്താക്കൾക്കു സ്വല്പം നിരുത്സാഹത്തിനും വഴികാണുന്നു. ഈ വിഷമസ്ഥിതിയെ തീരെ നിവാരണംചെയ്യുന്നതിനും, കത്തോലിക്കാ വിജ്ഞാനത്തെ സർവ്വത്ര പ്രചരിപ്പിക്കുന്നതിനും, തൽഫലമായി കത്തോലിക്കാ സാഹിത്യകാരന്മാർക്കു പ്രോത്സാഹം ഉണ്ടാകുന്നതിനും പര്യാപ്തമായുള്ള രണ്ടു പ്രധാന മാർഗ്ഗങ്ങളെയത്രെ മിസ്റ്റർ പോൾ തന്റെ ഉപന്യാസത്തിൽ നിബന്ധിച്ചിരിക്കുന്നതു. അയത്തു ഉദ്ദേശ സിദ്ധിക്കു അത്യന്തം ശ്രദ്ധേയമായ ഒന്നാണെന്നുള്ളതു നിരാക്ഷേപമായിരിക്കുന്നു. അവയിൽ ഒന്നു ഓരോ ഇടവകയിലും ഇടവകാധിനാഥന്മാരായ ബ. അച്ചന്മാരുടെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും ഓരോ പുസ്തക വില്പന ശാലകൾ ഏർപ്പെടുത്തുകയത്രെ. അവയിൽ കത്തോലിക്ക മതസംബന്ധമായുള്ള എല്ലാ പ്രധാന ഗ്രന്ഥങ്ങളും കത്തോലിക്കാ പ്രസിദ്ധീകരണങ്ങളായുള്ള മാസികകൾ പത്രങ്ങൾ ലഘുലേഖകൾ മുതലായവയും ശേഖരിച്ചു വില്പനശാല മുഖേന പൊതുജനങ്ങളുടെ ഇടയിൽ വിതരണം ചെയ്ക. ഇപ്പറഞ്ഞ സംഗതി ഉദാരമതികളും മഹാ മനസ്കന്മാരുമായ വന്ദ്യ വൈദികന്മാർ ശ്രമിച്ചാൽ അനായാസേന സാധിക്കാവുന്ന ഒരു കാര്യമത്രെ. ഇതിന്റെ ചടങ്ങുകളെപ്പറ്റി മിസ്റ്റർ പോൾവിശദീകരിച്ചിട്ടുള്ളതിനാൽ അതേ സംബന്ധിച്ചിനി ഇവിടെ അധികം പറയണമെന്നു കരുതുന്നില്ല. മേല്പറഞ്ഞ ഒരു ശ്രമം നമ്മുടെ എല്ലാ ഇടവകകളിലും ഉണ്ടായാൽ കത്തോലിക്കാ സാഹിത്യം അതിന്റെ ഉച്ചസ്ഥാനത്തു ത്വരിതഗതിയോടുകൂടി പ്രയാണം ചെയ്യുമെന്നുള്ളതു നിർവ്വിവാദമത്രെ. അതുവരെ നമ്മുടെ സാഹിത്യത്തെ ഇതര മ

തസ്ഥർ അനാദരിക്കുന്നതിൽ അത്ഭുതപ്പെടാനുമില്ല. അതിനാൽ ജീവാത്മാവിനെ അറിയുന്നതുകൊണ്ടു പരമാത്മാവിനെ അറിയാം എന്നുള്ള വേദാന്ത തത്വം അനുസരിച്ചു നമ്മുടെ സാഹിത്യ ഗ്രന്ഥങ്ങളെ നാം തന്നെ ആദ്യമായി അറിഞ്ഞാദരിക്കണം. അപ്പോൾ അന്യന്മാർ അതിനെ പരപ്രേരണകൂടാതെ സ്വയമേവ ആദരിച്ചുകൊള്ളും. ഇതിനുള്ള പ്രാരംഭ മാർഗ്ഗങ്ങളിൽ അത്യുത്തമമായ ഒന്നു മുൻപറഞ്ഞതുതന്നെ. അതോടുകൂടി, സ്വദേശ വ്യവസായങ്ങൾക്കു തത്തുല്യമായ അഭിവൃദ്ധിയുണ്ടാകുന്നതുവരെ വിദേശ സാമാനങ്ങളെ ബഹിഷ്കരിക്കാൻ ശ്രമിക്കേണ്ടതാണെന്നുള്ളതു ഗാന്ധിപ്രഭൃതികളുടെ ന്യായവാദംപോലെ വിദ്യാലയ പഠനത്തിനു് അവശ്യാവശ്യകങ്ങളായ ഇതരമതസാഹിത്യഗ്രന്ഥങ്ങൾഒഴികെ ആവക പുസ്തകങ്ങൾ യാതൊന്നും കത്തോലിക്കർ സ്വീകരിച്ചാദരിക്കയില്ലെന്നുള്ള ഒരുപ്രത്യേക നിഷ്കർഷ ഉണ്ടായാൽ അതു കത്തോലിക്കാ സാഹിത്യാഭിവൃദ്ധിക്കു ഏറെ അനുകൂലിക്കുന്ന ഒന്നായിരിക്കുമെന്നുകൂടെ എനിക്കു തോന്നുന്നു.

രണ്ടാമതായി ഓരോ ഇടവകകളിലും ഓരോ കത്തോലിക്കാ യുവജനസംഘങ്ങൾ സ്ഥാപിച്ചു നടത്തുന്നതുകൊണ്ടു നമ്മുടെ സാഹിത്യാഭിവൃദ്ധിക്കു വളരെ സഹായം ലഭിക്കുന്നതാണെന്നുള്ള അഭിപ്രായവും അത്യന്തം ആദരണീയമായിട്ടുള്ളതത്രെ. ഏതാദൃശമായ കാര്യങ്ങളിൽ ബ. ഇടവകാദ്ധ്യക്ഷന്മാർ പ്രയത്നിക്കുന്നതായാൽ കത്തോലിക്ക മതത്തിനും തൽസാഹിത്യത്തിനും നവമായ ഒരു ഓജസ്സും തേജസ്സും അഥവാ ഒരുണർച്ചയും വളർച്ചയും അചിരേണ ഉണ്ടാകുമെന്നുള്ളതു അസന്ദിഗ്ധമത്രെ. ഇതിലും ഉപരിയായി കത്തോലിക്ക മതാഭിമാനികളുടെ ശ്രദ്ധയെ അത്യന്തം ആകർഷിക്കുന്ന ഒരു സംഗതി ഒരു "കത്തോലിക്ക തത്വസമാജം" നമ്മുടെ നാട്ടിൽ സ്ഥാപിക്കാൻ ശ്രമിക്കേണ്ടതു ഇന്നത്തെ ലോകഗതിക്കു അത്യന്താപേക്ഷിതമായിരിക്കുന്നു എന്നുള്ളതാണ്. ഇതിന്റെ ആവശ്യത്തേയും പ്രയോജനത്തേയും മററും വിശദീകരിച്ചു "കത്തോലിക്കദൂതന്റെ" ൧൦൧൦൦-ലെ നവംബർ ഡിസംബർ എന്നീ മാസങ്ങളിലെ ഒന്നായി പുറപ്പെട്ടിട്ടുള്ള ലക്കത്തിൽ "തത്വസമാജത്തെപ്പററി ചില ചിന്തകൾ" എന്ന തലവാചകത്തോടുകൂടി മിസ്റ്റർ കെ. ഇ. ജോബ് ബി. ഏ. എഴുതിയിട്ടുള്ള ഒരു ലേഖനത്തിലേക്കു സമുദായാഭിമാനികളുടെ ശ്രദ്ധയെ സാദരം ക്ഷണിച്ചുകൊള്ളുന്നു.

ഈ വിധ ശ്രമങ്ങളെല്ലാം അചിരേണ ചെയ്തു കത്തോലിക്ക സാഹിത്യത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിന്നും, പ്രചരിപ്പിക്കുന്നതിന്നും തദ്വാരാ അതിൽനിന്നുള്ള നിരവധി ഫലങ്ങൾ ജനസാമാന്യത്തിന്നു അനുഭവയോഗ്യമാക്കിത്തീർക്കുന്നതിന്നും നാം ഉത്സാഹിക്കേണ്ട കാലം ഏത്രയും അതിക്രമിച്ചിരിക്കുന്നുവെന്നു പ്രസ്താവിച്ചുകൊണ്ടു തൽക്കാലം വിരമിക്കുന്നു.

ടി. എം. ചിമ്മാർ.

## കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്ക്.

"നാം ഇവിടെത്തന്നെയിരുന്നാൽ മതി"

പ്രിയ കുഞ്ഞുങ്ങളേ,

നമ്മുടെ ദിവ്യരക്ഷകനാഥൻ ഒരിക്കൽ തന്റെ ശിഷ്യരോടുകൂടെ നടന്നുപോകയിൽ, താൻ മഹാ വലിയ പാടുകൾ അനുഭവിപ്പാനിരിക്കുന്നുവെന്നും, കടശി അവമാനകരമായ ഒരു മരണം മരിക്കുമെന്നും അവരോടു പറഞ്ഞുകേൾപ്പിച്ചു. ഒരിക്കലും അതു പാടില്ലെന്നു പരമാർത്ഥിയായ പത്രോസ്സ്ളീഹാ വാദിച്ചപ്പോഴാണ് നീരസഭാവത്തിൽ കർത്താവു അയാളെ ശാസിക്കയും, "ആരെങ്കിലും എന്റെ പുറകെ വരുവാൻ മനസ്സാകുന്നെങ്കിൽ, തന്നെത്തന്നെ ഉപേക്ഷിച്ചുതന്റെകുരിശിനെ വഹിച്ചുകൊണ്ടു എന്നെ അനുഗമിക്കട്ടെ"

എന്നരുളിച്ചെയ്തുകൊണ്ടു, നിത്യഭാഗ്യത്തിലേക്കുള്ള വഴി ദുഃഖസങ്കടങ്ങളുടെ വഴിയാണെന്നു തെളിവായി കാണിക്കയും ചെയ്തു. ഈ സംഭവം കഴിഞ്ഞു ആറു ദിവസത്തിന്റെ ശേഷം നമ്മുടെ ദിവ്യരക്ഷകൻ ശ്ലീഹന്മാരായ പത്രോസിനോടും യാക്കോബിനോടും യോഹന്നാനോടും കൂടി താബോർ എന്നു പറയപ്പെടുന്ന ഒരു മലമുകളിലേക്കു പോയി. അവിടെ പ്രവേശിച്ചയുടനെ തന്റെ ഭാവം പകൎന്നു. തന്റെ തിരുമുഖം സൂൎയ്യനെപ്പോലെ പ്രകാശിച്ചു; തന്റെ വസ്ത്രങ്ങൾ വെണ്മഞ്ഞിനു തുല്യം ശോഭിച്ചു. കൎത്താവിനു വളരെ മുമ്പു ജീവിച്ചിരുന്ന മൂശ, ഏലിയാ എന്ന നിവ്യന്മാർ അവിടെ പ്രത്യക്ഷരായി തന്നോടു സംഭാഷണം ചെയ്തു തുടങ്ങി. അപ്പോൾ പത്രോസു പരമാനന്ദപൂരിതനായി ഇങ്ങനെ നിലവിളിച്ചുപറഞ്ഞു:- "കൎത്താവേ! ഇനി നാം ഇവിടെത്തന്നെയിരുന്നാൽ മതി. നിനക്കു സമ്മതമുള്ള പക്ഷം മൂന്നുകൂടാരങ്ങൾ ഇവിടെ ഞങ്ങൾ പണികഴിക്കാം— ഒന്നു നിനക്കു, ഒന്നു മൂശയ്ക്കു, ഒന്നു ഏലിയായിക്കു." പത്രോസു ഇപ്രകാരം സംസാരിച്ചുകൊണ്ടു നിൽക്കയിൽ പ്രകാശമുള്ള ഒരു മേഘം അവരുടെമേൽ പ്രത്യക്ഷപ്പെട്ടു; "എനിക്കു അത്യന്തം പ്രസാദിച്ചിരിക്കുന്ന എന്റെ പ്രിയകുമാരൻ ഇയാളാകുന്നു; ഇയ്യാളെ നിങ്ങൾ കേട്ടുകൊൾവിൻ" എന്നൊരു സ്വരവും ആകാശത്തിൽനിന്നുണ്ടായി. ശ്ലീഹന്മാർ ഭയപ്പെട്ടു വീണുപോയി. കൎത്താവു വന്നു പേടിനീക്കി അവരെ എഴുന്നേല്പിച്ചു. അപ്പോൾ അവർ നോക്കിയതിൽ മുമ്പു കാണാറുള്ള വിധത്തിൽ ഈശോയെ അല്ലാതെ ആരെയും അവിടെ കണ്ടില്ല.

പ്രിയ കുഞ്ഞുങ്ങളെ നിങ്ങൾ നല്ലപോലെ ശ്രദ്ധിച്ചു ആലോചിക്കേണ്ട ഒരു സംഭവമാണ് ഞാനീപ്പറഞ്ഞു കേൾപ്പിച്ചതു. മനുഷ്യൻ നിത്യരക്ഷ പ്രാപിക്കുന്നതിനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നും, ദൈവപ്രമാണങ്ങളെ കാത്തുകൊണ്ടു പാപവഴിയിൽനിന്നു അകന്നു ജീവിക്കുന്നവൎക്കു ഈ ഭാഗ്യം സിദ്ധിക്കയുള്ളുവെന്നും, അങ്ങനെയുള്ള ഒരു നല്ല ക്രിസ്തീയജീവിതം കഴിക്കുന്നതിനു ലോകത്തിൽ പല വിഘ്നങ്ങളുമുണ്ടെന്നും ആ വിഘ്നങ്ങളോടെല്ലാം എതൃത്തു മരണപൎയ്യന്തം യുദ്ധം ചെയ്തു നിൽക്കുന്നവൎക്കു കടശി പരമാനന്ദഭാഗ്യം ദൈവം നൽകുമെന്നും ഞാൻ നിങ്ങളോടു പറകയുണ്ടായിട്ടുണ്ട്. എന്നാൽ ഈ ബുദ്ധിമുട്ടെല്ലാം കഴിച്ചു ലഭിക്കുന്ന പരമാനന്ദഭാഗ്യം ഏതുതരത്തിലുള്ളതാണെന്നു നിങ്ങൾ അല്പമെങ്കിലും മനസ്സിലാക്കേണ്ടതാണല്ലോ. ഇതാ മേല്പറഞ്ഞ സംഭവത്തിൽനിന്നു അതിന്റെ ഒരേകദേശജ്ഞാനം നിങ്ങൾക്കു സിദ്ധിക്കുന്നതാണ്.

നമ്മുടെ നിത്യഗതി, അഥവാ നമ്മുടെ പരമാനന്ദം എന്തിലാണ് അടങ്ങിയിരിക്കുന്നതു്? സകല നന്മസ്വരൂപിയായിരിക്കുന്ന ദൈവത്തെ അഭിമുഖമായിക്കണ്ടു അനുഭവിക്കുന്നതിൽതന്നെ. സകല ഭാഗ്യങ്ങളും പരിപൂൎണ്ണമായി തന്നിൽ അടങ്ങിയിരിക്കുന്നു. നാം ലോകത്തിൽ കാണുന്ന എല്ലാവിധ സൌന്ദൎയ്യങ്ങളും, ആനന്ദങ്ങളും, ഇമ്പസന്തോഷങ്ങളും, കരകാണ്മാൻ വഹിയാത്ത ആ പരമാനന്ദക്കടലിൽനിന്നു തുളുമ്പി വീണിട്ടുള്ള ഓരോ തുള്ളികൾ മാത്രമാണ്. ഇപ്രകാരം ലൌകികമായ എല്ലാവിധ ഭാഗ്യങ്ങളെയും ഒന്നിച്ചു ചേൎത്താലും മനുഷ്യന്റെ മനസ്സിനെ സംതൃപ്തിപ്പെടുത്തുവാൻ മതിയാകുന്നതല്ല. മനുഷ്യഹൃദയത്തിനു സാക്ഷാലുള്ള പരിപൂൎണ്ണഭാഗ്യം നൽകുന്നതിനു ഈ ദൈവദൎശനംകൊണ്ടു മാത്രമേ സാധിക്കയുള്ളു. എന്നാൽ ഇത്രവലിയ ഈ ഭാഗ്യം എങ്ങനെയുള്ളതാണെന്നു ഊഹിക്കുന്നതിനുപോലും നമ്മുടെ ബുദ്ധിക്കു ഇപ്പോൾ കഴിവില്ലാത്തതാകുന്നു. വി. പൌലോസു ശ്ലീഹാ തന്റെ ജീവിതകാലത്തിൽതന്നെ ഒരിക്കൽ സ്വൎഗ്ഗത്തിലേക്കു എടുക്കപ്പെടുകയും, ഈ ഭാഗ്യം കണ്ടനുഭവിക്കയും ചെയ്കയുണ്ടായിട്ടുണ്ട്. എന്നാൽ ആ വിശുദ്ധ ശ്ലീഹാ അതേപ്പററി വൎണ്ണിച്ചിരിക്കുന്നതു ഇപ്രകാരം മാത്രമാണ്. "മനുഷ്യന്റെ കണ്ണുകൾ അതു കണ്ടിട്ടില്ല, ചെവികൾ കേട്ടിട്ടില്ല; മനുഷ്യ ഹൃദയത്തിലേക്കു അതു പ്രവേശിപ്പാൻ കഴിയുന്നതുമല്ല."

സ്വൎഗ്ഗവാസികൾ നിത്യകാലത്തോളം അനുഭവിക്കുന്ന ആ ദൈവ മഹത്വ

ത്തിന്റെ ഒരു കതിരുമാത്രമാണ് താബോർമലമുകളിൽവച്ചു ശ്ലീഹന്മാർ ദർശിച്ചതു്. ശുദ്ധ ത്രിത്വത്തിന്റെ രണ്ടാമത്തെയാളായ ദൈവപുത്രനായ മ്ശിഹാ തന്റെ ദൈവിക കാന്തിയുടെ ഒരു രശ്മി തന്റെ ശിഷ്യന്മാർക്കു കാണിച്ചുകൊടുത്തു. അവർ എപ്രകാരം ആനന്ദഭരിതരായി നിലത്തുവീഴുന്നുവെന്നു നോക്കുക. പത്രോസു തന്റെ പരമാനന്ദം പ്രാപിച്ചതുപോലെ കരുതിപ്പോകുന്നു. "കർത്താവേ! ഇനി നമുക്കു ഇവിടെ ഇരുന്നാൽ മതി" എന്നാണ് വി. ശ്ലീഹാ നിലവിളിച്ചു പറഞ്ഞതു്.

പ്രിയകുഞ്ഞുങ്ങളേ! ഇതാ ദൈവത്തെ സ്നേഹിക്കുന്നവർക്കു അങ്ങുന്നു തയാറാക്കിയിരിക്കുന്ന ആ നിത്യഭാഗ്യത്തിന്റെ ഒരു മങ്ങിയ പ്രതിഛായ. ഇതിന്റെ ഓർമ്മ പുണ്യവാന്മാരുടെ ബോധത്തിൽ എപ്പോഴും ഉണ്ടായിരുന്നു. ഇതിനെ കൺമുമ്പാകെ വച്ചുകൊണ്ടു് അവർ സദാ യുദ്ധം ചെയ്തിരുന്നു. സമ്മാനത്തിന്റെ മഹത്വത്തെ അവർ നന്നായി ഗ്രഹിച്ചിരുന്നതിനാൽ യാതൊരു ബുദ്ധിമുട്ടുകളേയും അവർ വകവച്ചിരുന്നില്ല. യുദ്ധം ചെയ്യാതെ ഈ വലിയ മുടി കിട്ടുന്നതല്ലെന്ന് അവർ ഗ്രഹിച്ചിരുന്നു. മ്ശിഹായോടുകൂടെ പാടുപെടുന്നവരല്ലാതെ മ്ശിഹായോടുകൂടെ മഹത്വത്തിൽ ഉയിർക്കുന്നതല്ലെന്നു അവർ മനസ്സിലാക്കിയിരുന്നു. വിശുദ്ധ ഈറാനിമ്മോസ് പറയുന്നതുപോലെ "Nullus labor durus, nullum tempus longum quo aeterna gloria acquiritur" "നിത്യമഹത്വം പ്രാപിക്കുന്നതിലേക്കുള്ള യാതൊരു ബുദ്ധിമുട്ടും ദുസ്സഹമല്ല, യാതൊരു സമയവും ദീർഘമല്ല" എന്ന് അവർക്കു ബോധപ്പെട്ടിരുന്നു. നേരെമറിച്ചു 'Momentaneum quod delectat, aeternum quod cruciatur' "ലോകസന്തോഷങ്ങൾ തൽക്കാലത്തേയ്ക്കുള്ളതു്, ശിക്ഷയോ നിത്യകാലത്തേക്കു" എന്ന തത്വം ഒരിക്കലും അവർ മറന്നുകളഞ്ഞില്ല. ഇതിനാൽ ഈലോകം അവർക്കു ഒരു കാരാഗൃഹംപോലെ തോന്നിയിരുന്നു. നിത്യഭാഗ്യത്തിന്റെ ജന്മനാട്ടിൽ ചെന്നുചേരുന്നതിനു രാപകലില്ലാതെ അവർ അഗ്രഹിച്ചിരുന്നു. "ആകാശത്തിലേക്കു ഞാൻ നോക്കുകയിൽ ഈലോകം എനിക്കു ഭാരമായിട്ടു തീരുന്നു" എന്നാണ് വി. ഇഗ്നാസ്യോസു പറഞ്ഞുവന്നിരുന്നതു്.

ഹാ! എന്റെ പിതാവായ സർവ്വേശ്വരാ! എന്റെ ഭാഗ്യത്തെ ഓർക്കയിൽ ഞാനെന്തു പറയേണ്ടു! ഒരിക്കലും അവസാനിക്കാത്ത ഭാഗ്യമേ! എന്റെ ജന്മനാട്ടിൽ എന്റെ തമ്പുരാൻ എനിക്കായിട്ടു ഒരുക്കിവച്ചിരിക്കുന്ന പരമാനന്ദമേ! എപ്പോൾ ഞാൻ നിന്നെ വന്നനുഭവിക്കും? കണ്ണുനീരുനിറഞ്ഞ ഈലോകത്തിൽനിന്ന് എപ്പോൾ നിന്റെപക്കലേക്കു ഞാൻ പറന്നുകയറും? എന്റെ ആത്മാവേ! നീ ക്ഷമിക്കുക. ധീരതയോടെ യുദ്ധംചെയ്തുകൊണ്ടു നിന്നെത്തന്നെ ഈ മഹാഭാഗ്യത്തിന്നു നീ ഒരുക്കുക. നിത്യകാലത്തേക്കു അതു നിനക്കു നഷ്ടപ്പെടുത്തിക്കളവാൻ പാടുള്ള സകല അവസരങ്ങളിൽനിന്നും നീ അകലുക.

എന്റെ ദൈവമേ! എന്റെ സമസ്തമേ! ഇനി ലോകത്തിലേക്കും ലോകസന്തോഷങ്ങളിലേക്കും എന്റെ ദൃഷ്ടി പതിക്കുന്നതല്ല. നീതന്നെ എന്റെ സന്തോഷവും, ആശ്വാസവും, എന്റെ സഹായവും. നിന്നിൽനിന്നകന്നു നടന്നുപോയ കാലങ്ങളെക്കുറിച്ചു ഞാൻ ദുഃഖിക്കുന്നു. അതിന്നെല്ലാം പരിഹാരം ചെയ്തുകൊണ്ടു ജീവിപ്പാൻ ഞാനുറച്ചിരിക്കുന്നു. ഞാൻ എന്തുചെയ്യണമെന്നു നീ എന്നോടു കല്പിക്കുക. എന്തും ചെയ്വാൻ ഞാൻ തയാറായിരിക്കുന്നു. നിന്റെ തിരുമനസ്സു നിറവേററി നിത്യഭാഗ്യം പ്രാപിക്കുന്നതിലേക്കു എന്തു ബലിയും ചെയ്വാൻ ഞാനുറച്ചിരിക്കുന്നു.

പരിശുദ്ധ കന്യാസ്ത്രീ മറിയമേ! എന്റെ മാതാവേ! സകല മോക്ഷവാസികളേ! നിങ്ങൾ അനുഭവിക്കുന്ന ആ പരമാനന്ദത്തിൽ ഞാനും വന്നുചേരേണ്ടവനാകുന്നു. എപ്പോൾ ആ ഭാഗ്യം എനിക്കു സിദ്ധിക്കും? എപ്പോൾ ഞാനതിന്നു യോഗ്യനാകും? അതുവരെ ഇടവിടാതെ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിച്ചുകൊള്ളണമേ. അതിലേക്കു എന്തും ചെയ്യുന്നതിന്നു വേണ്ട മനോഗുണം തമ്പുരാനോടു അപേക്ഷിച്ചു തരുവിക്കണമേ. ആമ്മേനീശോ.

നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ.

# മാതാവിൻെറ ലുത്തിനിയാ.

അത്യന്തംപരിശുദ്ധയാം മറിയമേ! ദേവാംബികേ; കന്യകാ-
ഗോത്രത്തിന്നണി രത്നമേ! പരപുമാനാം ക്രീസ്തുവിന്നമ്മ നീ
നിത്യം തൃപ്പദസേവമാത്രപരരായ് പ്പാക്കുന്നവക്കെത്തിട്ടു-
ന്നത്തൽക്കന്തമണച്ചു ഭവ്യമരുളാൻ ദൈവത്തെയത്ഥിക്കണേ!

ക്രൂക്കമററം സ്കറിയാ ഡീക്കൻ.

ശുദ്ധതക്കു നിധിയായ മേറി! സകലേശപുണ്യജനനീ പരം
ശുദ്ധരായ വനിതാവലിക്കു മകുടംവഹിച്ച വിമലേശ്വരീ!
മത്ത്യനായി ധരയിൽജ്ജനിച്ച മിശിഹാക്കെഴുന്ന ജനയിത്രി! നീ
ബലധരാകമടിയാക്കുവേണ്ടിയതിയായപേക്ഷ തുടരേണമേ.

സി. മാത്യു കൂട്ടുമ്മേൽ.

എന്നാളും പരിശുദ്ധയായ മരിയേ! ഭൂജാതനാം തമ്പുരാ—
ന്നന്യൂനം പ്രിയമുള്ള പുണ്യജനനീ! ശ്രീയേശുവിന്നംബികേ!
കന്യാസ്ത്രീമണികൾക്കു പൊൻമകുടമായ് മിന്നുന്ന നൽക്കന്യകേ!
സ്വന്നാഥങ്കലപേക്ഷ ചെയ്യണമഹോ ഞങ്ങൾക്കുവേണ്ടിസ്സദാ.

മാപ്പിളക്കുന്നേൽ മത്തായിമാപ്പിള.

പാരം ശുദ്ധികലന്നൊരെൻ മറിയമേ! ദേവേശ പുണ്യാംബികേ!
സാരംഗാക്ഷികൾ കന്യകൾക്കു മകുടശ്രീയാന്ന കന്യാമണേ!
ഭൂരക്ഷാപരനേശുവിൻെറ ജനനീ! ഞങ്ങൾക്കുവേണ്ടിസ്സദാ
നിരമ്യാംഗികനിഞ്ഞപേക്ഷകൾ നടത്തീടേണമേ പാലകീ!

മുകളയിൽ ജോസഫ് വാദ്ധ്യാർ നീണ്ടൂർ.

പാരിക്കും പരിശുദ്ധയായ മരിയേ! ലോകത്രയാധീശനൻ—
ത്താരിങ്കൽ പ്രിയമാന്ന പുണ്യജനനീ! കന്യാജനക്കാതലേ!
നേരിട്ടിദ്ധരയിൽപ്പിറന്ന മ്ശിഹാക്കമ്മേ സുതൻ തന്നൊടായ്
ഭൂരിപ്രീതികലന്നിരന്നിടുക നീ ഞങ്ങൾക്കുവേണ്ടിസ്സദാ.

ററി. മാത്യു തിരുതാളിൽ.

അമ്മേ! നൽപരിശുദ്ധയാം മറിയമേ! സവ്വേശപുണ്യാംബികേ!
ചെമ്മേ നിമ്മല കന്യകൾക്കു മകുടക്കല്ലാം മഹാ കന്യകേ!
അമ്മേന്മക്കധിവാസമാം മിശിഹതൻ കാരുണ്യമേറുന്ന പെ—
ററമ്മേ! ഞങ്ങടെയുന്നതിക്കനുദിനം പ്രാത്ഥിച്ചുകൊള്ളേണമേ.

ററി. കെ. വക്കി ചേത്തല.

മേരി! നിമ്മലനായികേ! മനുജനാം ദൈവാത്മജന്നംബികേ!
പാരിരേഴിലുമുള്ള കന്നികൾ രസാൽ ചൂടുന്നൊരുത്തംസമേ!
നാരിവഗ്ഗമതിൽ പ്രധന്യേ! മിശിഹായെപ്പെററ തായേ! നര—
ക്കാരിഭൂവിലൊരാശ്രയം? ഭവതി! ഞങ്ങൾക്കായിരക്കേണമേ.

പ്ലാക്കിയിൽ ജോൺവാദ്ധ്യാർ.

പാരം ശുദ്ധതയേറിടുന്ന മറിയേ! സവ്വേശ്വരന്നംബികേ!
നേരായ് കന്യകകൾക്കലംമകുടമായ് ശോഭിച്ചിടും നിമ്മലേ!
പാരിൻരക്ഷകനായ്പ്പിറന്ന മിശിഹാക്കുള്ളോരു തായേ സദാ
മേരീ! പ്രാത്ഥനചെയ്തിടേണമലിവായ് ഞങ്ങൾക്കുവേണ്ടീട്ടു നീ.

മേരി ജോൺ തോട്ടം.

ഏററം പാവനയായ മേരി! സകലേശൻ തൻെറ പുണ്യാംബികേ!
കുററം ചെററുമെഴാത്ത കന്യകകളണിഞ്ഞീടുന്ന സദ്രത്നമേ!

മുററും പാപവിഷം തകത്തു ഭുവനം രക്ഷിച്ചൊരായേശുവിൻ
പെററമ്മേ! ദയവാന്നിരക്കുക തതം, 'ഞങ്ങൾക്കുവേണ്ടിശ് ശുഭം.

സീ. ജെ. മേരീദാസൻ, വാടശ്ശേരിൽ.

കന്യാത്വംകളയാതെയേശുമിശിഹായെപ്പെററ ചന്ദ്രാനനേ!
ധന്യേ കന്യകമാക്കെഴുന്ന മുടിയേ ദേവാത്മജന്നംബികേ!
വന്ദ്യേ നിഷ്കപടേ വിശുദ്ധ മറിയേ പാപപ്രഭുതാൽ വല-
ഞ്ഞെന്നേരത്തുമുഴന്നിട്ടുന്നൊരടിയാക്കായിട്ടപേക്ഷിക്കണേ.

വി. എം. കുഞ്ഞൻ.

ഈശന്റെ പുണ്യജനനീ! പരിശുദ്ധമേരീ!
കന്യാജനങ്ങൾമുടിയാം കറയററനാഥേ!
ഞങ്ങൾക്കുവേണ്ടിമനമൊന്നുതെളിഞ്ഞപേക്ഷി-
ച്ചീടേണമേശുമിശിഹായുടെയമ്മയാം നീ.

കെ. ജോൺ കൈതക്കോട്ടിൽ.

സാക്ഷാൽ വിശുദ്ധിനിറയുന്നൊരു ധന്യമേരീ!
വാനിൻപതിക്കുജനനി മണിയായ നാരീ!
കന്യാമണേ! പരമക്രിസ്തുവിനുള്ള തായേ!
പ്രാത്ഥിക്ക നീ സുതനൊടെന്നുമിവക്കുവേണ്ടി.

പുതുപ്പറമ്പിൽ അബ്രാഹം ശമ്മാശ്.

മീനം. — "മാതാവിന്റെ ലുത്തനിയാ" (തുടർച്ച)

ഓരോരുത്തൻ ഇത്തവണ ആരംഭിച്ചിരിക്കുന്ന വൃത്തങ്ങളിൽതന്നേ താഴെപ്പറന്നവ ഒരു പദ്യമാക്കണം.

"കൈവല്യപ്രസാദത്തിന്റെ മാതാവേ, ഏറ്റവും നിമ്മലയായിരിക്കുന്ന മാതാവേ, അത്യന്ത വിരക്തിയുള്ള മാതാവേ, ഈഷലററ കന്യാസ്ത്രീയായിരിക്കുന്ന മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ."

# തിരുഹൃദയ ഭക്തന്മാർ ൧൯൨൨ കുംഭമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

"പുരുഷന്മാക്കുവേണ്ടിയുള്ള പ്രേഷകവൃത്തി."



മനുഷ്യവർഗ്ഗത്തെ പുരുഷന്മാരെന്നും സ്ത്രീകളെന്നുമുള്ള രണ്ടു വലിയ ഭാഗമായി തരംതിരിക്കാവുന്നതാണല്ലോ. രണ്ടുക്കൂട്ടരും നിത്യരക്ഷ പ്രാപിക്ക എന്ന ആ വലിയ അന്ത്യത്തിനായിട്ടുതന്നേ സൃഷ്ടിക്കപ്പെട്ടിരിക്കുന്നവരുമാണു. എങ്കിലും സർവ്വപ്രധാനമായ ഈ മഹൽകാര്യ്യം സംബന്ധിച്ചു ഇരുഭാഗക്കാക്കുമുള്ള ചുമതലയിൽ വല്ല കൂടുതൽ കുറവുമുണ്ടോ എന്നു മനുഷ്യരുടെ ജീവിത നടപടികൾ പരിശോധിച്ചാൽ തോന്നിപ്പോകും. 'ഭക്തവർഗ്ഗം' എന്ന അപരനാമം സിദ്ധിച്ചിട്ടുള്ള സ്ത്രീജനങ്ങൾ പൊതുവേ ആത്മീയകാര്യ്യങ്ങളിൽ കൂടുതൽശ്രദ്ധ പതിക്കുന്നതായും, പുരുഷന്മാർ ലൌകികവ്യവഹാരങ്ങളിലേക്കു അധികം ചാച്ചിലുള്ളവരായും മുമ്പിനാലേ കണ്ടുവരാറുള്ളതാണ്. കടമില്ലാത്ത ഒരുസാധാരണ ദിവസം കാലത്തു ഒരു കത്തോലിക്ക ദേവാലയത്തിൽ പ്രവേശിച്ചു നോക്കുക. ഭക്താഭ്യാസങ്ങളിൽ ഉദ്യോഗപ്പെട്ടിരിക്കുന്നതായി പുരുഷന്മാരേക്കാളധികം സ്ത്രീകളേ അവിടെ കണ്ടെത്തുന്നതാണ്. ഭക്ത സഖ്യങ്ങളുടെ പേരുവിവരപ്പട്ടികകൾ എടുത്തു പരിശോധിച്ചു നോക്കിയാലും അനുഭവം ഇതുതന്നേയായിരിക്കും. അസ്തമനകാലാനന്തരം കുടുംബങ്ങളിലുള്ള പ്രതിദിന ഭക്തകൃത്യങ്ങളുടെ സമയത്തും പ്രായേണയുള്ള നടപടി ഇതുതന്നേയാണ്. ഇതു

പൃത്തനായിട്ടു തുടങ്ങിയിട്ടുള്ളതല്ല; ഗാഗുൽത്താമലയിൽ കുരിശിൻചുവട്ടിൽ മുതല്ക്കുതന്നെ ഇതു അനുഭവവിഷയമായിട്ടുള്ളതാണ്. പുരുഷന്മാർ ലൌകികകാൎയ്യാന്വേഷണങ്ങളിൽ സദാ വ്യാപൃതരായിരിക്കേണ്ട ആവശ്യമുള്ളതിനാൽ സ്ത്രീകളെപ്പോലെതന്നെ അധ്യാത്മികകാൎയ്യങ്ങളിൽ ശ്രദ്ധവയ്ക്കുന്നതിനു പലപ്പോഴും അവൎക്കു സാധിക്കാതെ വരുന്നുണ്ടാകാമെന്നുള്ളതു ശരി തന്നെ.

എന്നാൽ അദ്ധ്യാത്മികകാൎയ്യങ്ങളെ എല്ലാം മറന്നിട്ടു ലൌകികകാൎയ്യങ്ങളിൽത്തന്നെ സദാ മുഴുകികിടക്കയെന്നു വന്നാൽ അവരുടെ ആത്മനാശത്തിനു അതിൽപ്പരമൊന്നും അവർ ചെയ്യാനില്ലല്ലോ. ലോകഭ്രമം മുഴുത്തുവരുന്നതിനോടുകൂടെ നാൾക്കുനാൾ ഈ ആപത്തു അധികമായി വരുന്നുണ്ടെന്നു വ്യസനസമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. അപ്രകാരമുള്ള അന്ധത നീങ്ങുന്നതിനും, അതിനുള്ള നിവൃത്തിമാൎഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനും വേണ്ട മനോഗുണങ്ങൾ കിട്ടുന്നതിലേക്കു തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകം പ്രാൎത്ഥിക്കണം.

മീനമാസം.

"സാധാരണ ജനങ്ങളുടെ ജീവിത നവീകരണം."

## കുറിപ്പുകളും വൎത്തമാനങ്ങളും.

അടുത്ത ദിവ്യകാരുണ്യ മഹാസംഘം മെ മാസം ൨൪-നു മുതൽ ൨൯-നു വരെ റോമ്മായിൽവച്ചു കൂടുന്നതാണു.

ഇപ്പോൾ ആകെയുള്ള ൬൦ കൎദ്ദിനാളന്മാർ താഴെപ്പറയുംപ്രകാരമാണു വിഭാഗിക്കപ്പെട്ടിരിക്കുന്നതെന്നു കാണുന്നു. ഇത്താല്യാക്കാർ ൩൦; ഫ്രഞ്ചുകാർ ൭; ഓസ്ത്രിയാ ജൎമ്മൻപ്രദേശക്കാർ ൪; ബ്രിട്ടീഷ്കാരും സ്പെയിൻകാരും നന്നാലു; പോളണ്ടു, പോൎട്ടുഗൽ, അമേരിക്ക, ഈരണ്ടു; ഡന്മാൎക്കു, ബൽജിയം, ബ്രസ്സിൽ ഓരോന്നു.

വെയിത്സു രാജകുമാരൻ ൨൨-നു ഞായറാഴ്ച ഹൈദരാബാദിൽ എത്തിയിരിക്കുന്നു.

മദ്രാസിൽനിന്നു മടങ്ങിവരും വഴി മദ്ധ്യേ ജനുവരി ൨൩-നു തിങ്കളാഴ്ച കൊച്ചിമഹാരാജാവു തിരുമനസ്സുകൊണ്ടു ത്രിശ്ശിനാപ്പള്ളി സെൻറു ജോസഫ്സ് കോളജു സന്ദൎശിക്കയും കൊച്ചിക്കാരായ വിദ്യാൎത്ഥികൾ അവിടത്തേക്കു ഒരു മംഗളപത്രം സമൎപ്പിക്കയും ചെയ്തതായി അറിയുന്നു.

റിട്ടയർഡ് ഹൈക്കോർട്ടു ജഡ്ജി മിസ്റ്റർ മുത്തുനായകംപിള്ള ബി. ഏ. ബി. എൽ. കത്തോലിക്കരുടെ ആവശ്യത്തിലേക്കു തിരുവനന്തപുരത്തു പുതുതായി ഒരു പുസ്തകവില്പനശാല ആരംഭിച്ചിട്ടുള്ള വിവരം ഇതിനിടകൊണ്ടു പലരും അറിഞ്ഞിരിക്കുമല്ലൊ. എല്ലാസ്ഥലങ്ങളിലും അപ്രകാരമുള്ള വില്പനശാലകൾ ആരംഭിച്ചു കാണുന്നതിനു ആഗ്രഹിച്ചു അതേപ്പററിയുള്ള ചില വിവരങ്ങൾ അദ്ദേഹം ഇവിടെ എഴുതി അയച്ചുതന്നിട്ടുള്ളതു സ്ഥലച്ചുരുക്കത്താൽ അടുത്ത തവണത്തേക്കു നീക്കിവച്ചിരിക്കുന്നു.

കോട്ടയം എടസ്സ്യാട്ടുപള്ളിയുടെ ശതവത്സരാഘോഷം കഴിഞ്ഞ മാസത്തിൽ ആഘോഷപൂൎവ്വം കൊണ്ടാടപ്പെട്ടിരിക്കുന്നു. യാക്കോബായസഭയിൽനിന്നും മാനസാന്തരപ്പെട്ടുവന്ന ഒരു യുവ വൈദികൻെറ നവപൂജാഘോഷവും ആ അവസരത്തിൽ നിവൃത്തിച്ചതു അത്യന്തം അവസരോചിതമായിരുന്നു.

മാന്നാനം മാർ അപ്രേം പൂൎവ്വവിദ്യാൎത്ഥി സംഘത്തെക്കുറിച്ചു മിസ്റ്റർ പി. ജെ. തോമ്മസ് എം. ഏ. ഓണേഴ്സ് ഇങ്ങനെ എഴുതിയിരിക്കുന്നു:– "I am glad you have organised a Former Pupils Association. I shall be very glad to be a member......... I wish I were there on the occasion..."

## മനോഗുണവിവരങ്ങൾ.

☞ ചുരുക്കമായി ഈ വിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിലേക്കു ഒരു രൂപാ മുമ്പേറടച്ചിരിക്കണം.

വി. അന്തോനീസിന്റെ സഹായത്താൽ എന്റെ മകൻ പരീക്ഷയിൽ വിജയിയായതിനു ഉപകാരസ്മരണ.

കെ. പി. കൊടുങ്ങല്ലൂർ.

എന്റെ സ്നേഹിതൻ തിരുനൽവേലിജില്ല, അന്തോനിയാർകോവിൽ തെരുവു ൧൬-ാം നമ്പ്രവീട്ടിൽ രാമസ്വാമി നാടാരുടെ പുത്രൻ പൊന്നയ്യനാടാർ ഹിന്തുമതം ഉപേക്ഷിച്ചു ജ്ഞാനസ്നാനം കൈക്കൊണ്ടതിനെക്കുറിച്ചു ദൈവത്തിനു സ്തോത്രം ചെയ്യുന്നു.

ടി. വി. തൊടുപുഴ.

എന്റെ കുട്ടിക്കു പിടിപെട്ട കഠിനമായ ജ്വരപ്പനി വി. അന്തോനിസിന്റെ മാദ്ധ്യസ്ഥത്താൽ വിട്ടുമാറിയതിനു വേണ്ടി ഹൃദയപൂർവ്വം സ്തോത്രം ചെയ്യുന്നു.

പി. ജെ. ചേർത്തല.

വളരെക്കാലമായി ആഗ്രഹിച്ചുകൊണ്ടിരുന്നതും സമാധാനത്തിൽ തീരുന്നതിനും വളരെ പ്രയാസമുള്ളതും ആയിരുന്ന ഒരു വലിയ കാര്യം ചെങ്ങളത്തു് അന്തോനിസ് പുണ്യവാന്റേയും കൊച്ചുത്രേസ്യായുടേയും സഹായത്താൽ സമാധാനത്തിൽ തീർന്നതിന്റെ കൃതജ്ഞതയെ പ്രത്യക്ഷപ്പെടുത്തുന്നു.

എം. റ്റി. എ. കൊഴുവനാൽ.

കൊച്ചുത്രേസ്യായുടെ അപേക്ഷയാൽ എന്റെ അനുജനു ലഭിച്ച അത്ഭുതകരമായ രോഗശമനത്തിനായി എന്റെ ഉപകാരിണിക്കു കുസുമംവഴി നന്ദി പറഞ്ഞുകൊള്ളുന്നു.

കെ. എം. ജേ. പട്ടിത്താനം.

കേവലം അസാദ്ധ്യമെന്നു വിചാരിച്ചിരുന്ന ഒരു മനോഗുണം ഈശോയുടെ തിരുഹൃദയത്തോടു വിശ്വാസപൂർവ്വം പ്രാർത്ഥിച്ചതുകൊണ്ടു ലഭിച്ചിരിക്കുന്നു.

ഒരു തിരുഹൃദയഭക്തൻ.

അന്തോനീസു പുണ്യവാന്റെ സഹായത്താൽ കിട്ടിയിട്ടുള്ള പല വിശേഷ ഉപകാരങ്ങൾക്കായി ഉപകാരസ്മരണ ചെയ്തുകൊള്ളുന്നു.

കെ. വി. നെയ്യശ്ശേരി.

എന്റെ കയ്യിൽ നിന്നു പൊയ്പോയ ൫൦൦ രൂപായുടെ ഒരു നോട്ടു പൈങ്ങോട്ടൂർ വി. അന്തോനീസു പുണ്യവാനെക്കുറിച്ചു ഒരു പാട്ടുകുർബാന നേർന്നയുടനെ തിരികെ കിട്ടിയിരിക്കുന്നതിനു ഉപകാരസ്മരണ.

എ. ജെ. കലവൂർ.

പഴയൂർ സെൻറു അന്തോനീസിന്റെ അത്ഭുതസഹായത്താൽ എനിക്കു കിട്ടിയ മനോഗുണങ്ങൾക്കായി ഉപകാരസ്മരണ ചെയ്യുന്നു.

പി. ജെ. എഫ്. ചിറക്കൽ.

## ചരമവാർത്തകൾ.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കു വേണ്ടി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

പാവർട്ടി ഇടവക നീലങ്കാവിൽ മുട്ടിക്കൽ പാഞ്ചുണ്ണി തുലാം ൨൧-നു ൯൭ വയസ്സ്. ഏനാമ്മാക്കലിടവകതയ്യൂരാട്ടിൽ കുഞ്ഞുവറിയ്തു ചാക്കുണ്ണി ഡിസംബർ ൫൬-നു ൩൭ വയസ്സു. കുടവെച്ചൂർ പള്ളിയിടവക പുന്നേക്കാട്ടുകരിയിൽ മാത്തുള യൌസേപ്പു ഡിസംബർ ൨൮-നു ൬൭ വയസ്സു. വെളിയിൽ സഞ്ചോൻ സറോക്കു കഴിഞ്ഞ മാസം ൨൨-നു ശനിയാഴ്ച. കല്ലൂക്കാട്ടു ഇടവക വടലാടത്തു റോസ ൩൦ വയസ്സു. കൊച്ചുമുട്ടത്തു ബ. യോഹന്നാനച്ചന്റെയും ബ. യൌസേപ്പു ശമ്മാശ്ശന്റെയും പിതാവായ യാക്കോബു ഡിസംബർ ൫൬-നു ൮൦ വയസ്സു. തത്തമ്പള്ളിപള്ളിയിടവക തോട്ടുങ്കൽ അബ്രാഹം ഡിസംബർ ൪൮-നു ശനിയാഴ്ച ൨൭-ാമത്തെ വയസ്സിൽ. വരാപ്പുഴെ പള്ളിയിടവകയിൽ പുത്തൻവീട്ടിൽ താണ്ടമ്മ ജനുവരി ൩-ാംനു ൩൦ വയസ്സ്. ആനക്കല്ലുങ്കൽ ഇടവക തുരുത്തിയിൽ സ്കറിയാ ജനുവരി ൯-നു തിങ്കളാഴ്ച ൬൪ വയസ്സ്. കടനാട്ട് പള്ളി ഇടവക എടയാനിക്കാട്ടു അവുസേപ്പ് എന്നയാൾ ജനുവരി ൫൩-ാംനു തിങ്കളാഴ്ച ൮൮-ാമത്തെ വയസ്സിൽ.

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം ൨. [illegible] എപ്പകത്തി [illegible]

## ൧൯൨൨ ഫെബ്രുവരി ൯൭ മകരം - കുംഭം.

| | | | | |
|---|---|---|---|---|
| 1 | 19 | ബു | അം. വേ. അഗ്നം. ന. ആ. കു. പെ. (ഇ. വി.) | ച്യു. |
| 2 | 20 | വ്യ | ✠ ഭാഗ്യപ്പെട്ട കന്യകമറിയത്തിന്റെ ശുദ്ധീകരണം ന. കു. പെ. | വെ. |
| | | | തിരിവൃശ്മാ. പ്രദ. (പൂൎണ്ണദണ്ഡവിമോചനം.) | |
| | | | കടമംഗ്ലൂർ, പാല, എലഞ്ഞി, നരിവേലി, അമ്പഴക്കാട്ട്, കട്ടപ്പാമററം, | |
| | | | മുട്ടാർ, എടതപാ, ഈ൰ പള്ളികളിൽ ദൎശനത്തിരുനാൾ. എൽത്തുരുത്തു | |
| | | | കൊവേന്ത പ്രധാന തിരുനാൾ. മുങ്ങോട്ടു പള്ളിയിൽ വി. സെബ്ത്യാ | |
| | | | നോസിന്റെ പ്രധാന തിരുനാൾ | |
| 3 | 21 | വെ | അം. മെ൰. ബ്ളാസി. ന. ആ. കു. പെ. | വെ. |
| 4 | 22 | ശ | † അം. മെ൰. അന്ത്രയോസ് കൊർസീനി. ന. ആ. കു. പെ. | വെ. |
| 5 | 23 | ഞ | ✠ ദെനഹാ ൫ാം ന. കു. ആ. (. [illegible] . [illegible] . ൨) | വെ. |
| | | | കൈപ്പുഴപ്പള്ളിയിൽ എ. ഭ. ക. മാതാവിന്റെ ദൎശനത്തിരുനാൾ. | |
| 6 | 24 | തി | † മൂന്നു നോമ്പ (ഇ. വി) ([illegible]) | റോ. |
| | | | കുറവിലങ്ങാട്ടുപള്ളിയിൽ പ്രധാന തിരുനാൾ. | |
| 7 | 25 | ചൊ | † മൂന്നു നോമ്പ (ഇ. വി.) ([illegible]) | റോ. |
| | | | കട്ടുത്തുരുത്തി വലിയപള്ളിയിൽ പ്രധാന തിരുനാൾ. | |
| 8 | 26 | ബു | † മൂന്നുനോമ്പ (ഇ. വി.) ([illegible]) | റോ. |
| 9 | 27 | വ്യ | ക. വേ. അപ്പ്ലോ. ന. ആ. കു. പെ. | ച്യു. |
| 10 | 28 | വെ | † ക. സ്കൊളാസ്തിക്കാ. ന. ആ. കു. പെ. | വെ. |
| 11 ◐ | 29 | ശ | † ക. മറി. പ്രത്യക്ഷം ന. ആ. കു. പെ. | വെ. |
| 12 | 1 | ഞ | ✠ ൬ാം [illegible] ന. കു. ആ. [illegible] | ച്യു. |
| 13 | 2 | തി | ക. വേ. അഗത്താ ഈ൰ ൫ ന. ആ. കു. പെ. | ച്യു. |
| 14 | 3 | ചൊ | † ന. ക. പ്രാൎത്ഥന ന. ആ. കു. പെ. ✳ [illegible] | ച്യു. |
| 15 | 4 | ബു | വേ. പെ൰സ്തീൻ ന. ആ. കു. പെ. | ച്യു. |
| 16 | 5 | വ്യ | † വേ. യോ. ബ്രിത്തൊ. ന. ആ. കു. പെ. | ച്യു. |
| 17 | 6 | വെ | ക. വേ. ദൊരെ. ഈ൰. ന്നു. ന. ആ. കു പെ. | ച്യു. |
| | | | മാർ യൌ. പിതാവിന്റെ വണക്കമാസം, തന്റെ മരണത്തിരുനാൾ | |
| | | | ദിവസം അവസാനിക്കത്തക്കവണ്ണം, കഴിക്കുന്നതിന്നു ആഗ്രഹിക്കുന്നവ | |
| | | | ർ ഇന്നേദിവസം തുടങ്ങണം. | |
| 18 | 7 | ശ | അം. വേദ. ശെമഓൻ ന. ആ. കു. പെ. | ച്യു. |
| | | | ആരക്കുഴപ്പള്ളിയിൽ ശെമഓൻ അപ്പസ്തോലായുടെ തിരുനാൾ. | |
| 19 | 8 | ഞ | ✠ [illegible] ന. കു. ആ. [illegible] | റോ. |
| 20 | 9 | തി | മെ൰. റൊമുവാൽ ഈ൰. ൧. ന. ആ. കു. പെ. | വെ. |
| 21 | 10 | ചൊ | † ന. ക. കഷ്ടാ. ✳ [illegible] ന. ആ. കു. പെ. | ച്യു. |
| 22 | 11 | ബു | വി. പത്രോ. അന്തി. സിംഹാ. ന. ആ. കു. പെ. | വെ. |
| 23 | 12 | വ്യ | മത്യാസ്ലീ. തലെ. ന ആ. കു. ത. (ഇ. വി.) | റോ. |
| 24 | 13 | വെ | (✠) വി. മത്ത്യാസ്ലീ. ന. കു. പെ. | ച്യു. |
| 25 | 14 | ശ | † മെ൰. യോഹ. ഈ൰ വ്വ ന. ആ. കു. പെ. | വെ. |
| 26 ● | 15 | ഞ | ✠ [illegible] ന. കു. ആ. [illegible] | റോ. |
| | | | ഇന്നു പാതിരാവിൽ അമ്പതു നോമ്പു തുടങ്ങുന്നു. | |
| 27 | 16 | തി | † പാ. വേ. അം. പത്രോ. ഈ൰. ൧൫. ന. ആ. കു. പെ. | ച്യു. |
| 28 | 17 | ചൊ | † വേ. അം. പത്രോ. ഈ൰. ൧൫. ന. ആ. കു. പെ. | ച്യു. |

Printed and Published for the Proprietor by P. K. Joseph, at
St. Joseph's Press, Mannanam, 1922.

## ഇതാ പുറപ്പെട്ടിരിക്കുന്നു. "കത്തോലിക്കാമതപ്രമാഹാത്മ്യം"

മിസ്റ്റർ വി. സി. ജോർജ് എഴുതിയത്.

കോട്ടയം കത്തോലിക്കമിഷ്യൻ പ്രസ്സിലെ അച്ചടിയും ബയണ്ടും. ഇരുനൂറിൽപ്പരം പക്ഷങ്ങളുള്ള ഈ പുസ്തകത്തിനു വില ഒരു രൂപാ ൪ ണ. മാത്രം.

ഡസനിൽ കൂടുതൽ എടുക്കുന്നവർക്കു പ്രത്യേക നിരക്കു അനുവദിക്കും.

ഉടനേ അപേക്ഷിക്കുക.

പി. കെ. സെബാസ്റ്റ്യൻ, കുറവിലങ്ങാട്ട്.

---

## "വേദപുസ്തകം മാത്രമോ പ്രമാണം?"

ക. നി. മൂ. സ. ബ. ഇഗ്നാസിയോസച്ചൻ എഴുതിയ ഒരു പുതിയ വിശേഷപുസ്തകം. വില ൨൮ ചക്രം മാത്രം. അപേക്ഷിക്കേണ്ടും മേൽവിലാസം.

സൂപ്രണ്ട്, സെൻറു ജോസഫ്സ് പ്രസ്സ്, മാന്നാനം.

---

## വി. അന്തോനീസിൻെറ തിരുനാൾ.

പൈങ്ങോട്ടൂർ പാദുവാപ്പള്ളിയിൽ വി. അന്തോനീസ് പുണ്യവാൻെറ തിരുനാൾ ഫെബ്രുവരി ൧൪, ൧൫ ഈ തീയതികളിൽ ആഘോഷിക്കപ്പെടുന്നതാണ്.

വികാരി കൊച്ചുമുട്ടത്തു ശൌര്യാർ കത്തനാർ.

---

## ഒരുമാസത്തേക്കുകൂടി മാത്രം.

നമ്മുടെ എല്ലാ വൈദിക മേലദ്ധ്യക്ഷന്മാരുടെയും ആശീർവ്വാദത്തോടുകൂടി "കർമ്മലകുസുമം" ഇതാ ഇരുപതാംവയസ്സിലേക്കു പ്രവേശിച്ചിരിക്കുന്നു. ഇനിയും 'കുസുമം' പ്രവേശിച്ചിട്ടില്ലാത്ത കുടുംബങ്ങളിൽ അതിനു പ്രവേശം കൊടുപ്പാൻ മാന്യവായനക്കാരുടെ സഹായം ക്ഷണിച്ചുകൊള്ളുന്നു. ഫെബ്രുവരി ൨൮-നു വരെ ചേരുന്ന പുതിയ വരിക്കാർക്കു ഓരോരുത്തർക്കും ഗ്രന്ഥാവലിയുടെ ഏതെങ്കിലുമൊരുപുസ്തകം സൌജന്യമായി കൊടുക്കുന്നതാണ്. ടി. തീയതിക്കകം പുതുതായി അഞ്ചുവരിക്കാരെ ചേർത്തു പണം മുമ്പേറായി അടയ്ക്കുന്നവർക്കു ൩ ഇഞ്ചു പൊക്കമുള്ള തിരുഹൃദയത്തിൻെറ ഒരു കൊത്തുരൂപം. മേൽപ്രകാരം ൧൦ വരിക്കാരെ ചേർത്താൽ ൯ ഇഞ്ചു പൊക്കമുള്ള ടി. രൂപം. ൧൫ പേരെ ചേർത്താൽ ൧൨ ഇഞ്ചിൻെറ ടി. രൂപം. ൩൦-ന് ൧൮ ഇഞ്ചിൻെറ വലിയ രൂപം. പണം മുമ്പോറായിട്ടുതന്നെ അടയ്ക്കേണ്ടതും, രൂപങ്ങൾ ആപ്പീസിൽവന്നു വാങ്ങിക്കൊള്ളേണ്ടതുമാകുന്നു. കഴിഞ്ഞകൊല്ലത്തെ സമ്മാനപരസ്യങ്ങളെല്ലാം ഇതിനാലെ റദ്ദായിരിക്കുന്നു.

മാനേജർ, കർമ്മലകുസുമം മാന്നാനം.

---

# വില്പാനുണ്ട്.

## സർവ്വരോഗവിനാശിനി യൂക്കാലിപ്ടസ് തൈലം.

പനി, തലവേദന, മൂക്കടപ്പ്, ഛർദ്ദി, അതിസാരം, ദഹനക്കേട്, വയറുവേദന, അസ്ഥിഉരുക്കം മുതലായ പലവിധ രോഗങ്ങൾക്കും ഉടനുടൻ ഗുണം കാണിക്കുന്ന ഒരു പ്രത്യൌഷധം. ഒരിക്കൽ വാങ്ങി പരീക്ഷിച്ചു നോക്കുവിൻ. ഉപയോഗിക്കേണ്ട ക്രമങ്ങളും മറ്റും മരുന്നോടുകൂടി അയച്ചുകൊടുക്കുന്നതാണ്. വി. പി. ആയിട്ടല്ലാതെ ആർക്കും അയക്കുന്നതല്ല.

കുപ്പി ഒന്നിന് ൩ അണ, ൫ അണ, ൬ ണ. ഇങ്ങനെ മൂന്നു തരം കുപ്പികളിലായി തൽക്കാലം വില്ക്കപ്പെടും. തപാൽക്കൂലിയുംമറ്റും പുറമേ.

ഏജൻറ്:— സി. ജോസഫ്

ആർപ്പൂക്കര, മാന്നാനം.

Registered No. M. 365. No: T. 2.

# "THE FLOWER OF CARMEL."

PUBLISHED BY THE SYRIAN CARMELITE FATHERS OF MALABAR.

An illustrated monthly of Catholic Activities The only vernacular organ, devoted to the honour and interests of the Blessed Virgin Mary,

**Subscription only One Rupee per annum.**
**Foreign 4 as more.**

## REVISED ADVERTISING RATES.

With over 4500 copies circulated every month in Travancore, Cochin, British Malabar, Ceylon and straits settlements a better advertising medium than the 'Flower' cannot be obtained in these parts. Rates of advertisements always payable in advance, are as follow.

| | ¼ page | ½ page. | Full page |
|---|---|---|---|
| 1 Month | Rs. 5. | Rs. 10. | Rs. 15. |
| 3 Months | ,, 12. | ,, 24. | ,, 36. |
| 6 ,, | ,, 25 | ,, 50. | ,, 75. |
| 12 ,, | ,, 40. | ,, 80. | ,, 120. |

Still reduced rates will be allowed for standing advertisements.

Manager,
The Flower of Carmel,
Mannanam. Travancore, S. India.

---

## ഗ്രന്ഥാവലി അടിക്കണമോ?

കുസുമ"ഗ്രന്ഥാവലി വളരെ ആവശ്യമുള്ള പുസ്തകങ്ങളാണ്. വളരെ വിശേഷമാണ്." എന്നൊക്കെപ്പലരും പറയുന്നുണ്ട്. എന്നാൽ അതിനെ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നവർ അത്ര അധികം ഉണ്ടാകുന്നില്ല. അടിക്കുന്ന പുസ്തകങ്ങൾ ഇവിടെത്തന്നെ ഇരിക്കാനാണെങ്കിൽ അടിച്ചിട്ടുകാര്യമില്ല. അടിക്കാൻസാധിക്കയുമില്ല. അതുകൊണ്ടാണ് കുസുമവരിക്കാർ എല്ലാവരുംകൂടി ഗ്രന്ഥാവലിയെ ഒന്നു താങ്ങണമെന്ന് കഴിഞ്ഞ തവണ അപേക്ഷിച്ചിരുന്നത്. ആളൊന്നുക്ക് അറക്കാശിന്റെ അഞ്ചൽ സ്റ്റാമ്പോ, കാലണയുടെ തപാൽ സ്റ്റാമ്പോ 'ഏഴെണ്ണം വീതം' ഉടനെ അയച്ചുതന്നു ഓരോ പുസ്തകം എല്ലാവരും വാങ്ങിയാൽ മാത്രം മതി. ഇന്നപുസ്തകം വേണമെന്നുള്ളവർ തിരിച്ചു എഴുതി അറിയ്ക്കണം. അല്ലെങ്കിൽ ഏതെങ്കിലുമൊന്നു അയച്ചുതരും. ആണ്ടിൽ ഒന്നോ രണ്ടോ തവണ എല്ലാവരുംകൂടി ഈ വിധം ഒരു സഹായം ചെയ്താൽ നമ്മുടെ ഗ്രന്ഥാവലി നല്ലമോടിയായി നടന്നുപോകുന്നതിന് ഒരു വിഷമവുമുണ്ടാകുന്നതല്ല. ആർക്കാണ് ഇതു കഴിയാത്തത്? ഇതിനും ആർക്കും മനസ്സില്ലെങ്കിൽ ഗ്രന്ഥാവലി അടിച്ചിട്ടു എന്തുപ്രയോജനം. റവ. ഫാദർ റെമേറൃസ് സി. ഡി. എഴുതിയ "മാർപ്പാപ്പായുടെ അപ്രമാദിത്വം" പ്രസിദ്ധീകരിപ്പാൻ തയാറാക്കിവച്ചിരിക്കുന്നു. പൊതുജനങ്ങളുടെ പ്രോത്സാഹനം ഒരിക്കൽക്കൂടെ കാംക്ഷിച്ചുകൊള്ളട്ടെ.

മാനേജർ, കർമ്മലകുസുമം, മാന്നാനം.